

ഈശോയുടെ ദിവ്യഹൃദയമേ, ഞങ്ങളുടെ
മേൽ അലിവായിരിക്കണമെ.

(൩൦൦ ദി. ദ. വി.)

# കർമ്മല കുസുമം.

പുസ്തകം ൨൭.) ജൂൺ (ലക്കം ൩.


## തിരുഹൃദയ കീർത്തനം.

(അംഗനമാരിംഗിതം മട്ട്.)

ആനന്ദഭൈരവി ത്രിപുട.

1 സന്തതം നൽകിനിൻ സ്വാന്തം—അന്തിമ സ്നേഹലക്ഷ്യമായ്
എന്തിനിഞാനാശിക്കേണ്ടു—ശാന്തശീലനാമെൻ നാഥ!
2 കുന്തമേററ നിൻ ഹൃദയം—അന്ധരാം പാപികൾക്കെന്നും
ചന്തമൊത്ത കാഴ്ച നൽകും—പന്ഥമായ് തീർന്നില്ലെ്യാ നാഥ!
3 പാപമാമെൻ വ്രണങ്ങളിൽ—താപമാം തൈലം നീ പൂശി;
ശാപമേററവർക്കു സ്നേഹ—വാപിയേ! നീയാണാലംബം.
4 ഘോരഭാരം വഹിക്കുന്ന—നരരെക്ഷണിക്കുന്നു നീ;
പാരമിവർക്കാശ്വാസങ്ങൾ—ഭൂരിമോദം നൽകീടുവാൻ.
5 ദുഃഖിതർക്കാശ്വാസമാകും—സഖിയാമീശോയെ! പാഹി;
അഖിലേശ! നിൻഹൃദയെ—സുഖമോടിവനെ പാലിക്ക.

ദിവ്യശ്രീ വടക്കയിൽ മത്തായി കത്തനാർ.

# പ്രസാധകക്കുറിപ്പുകൾ.

### ജൂൺമാസ പ്രാർത്ഥന.

സ്നേഹാഗ്നിച്ചൂളയായ ഈശോയുടെ തിരുഹൃദയമേ! എൻെറ ഹൃദയം അങ്ങേ ദിവ്യസ്നേഹത്താൽ എരിയിച്ചരുളുക. ലോകപക്ഷങ്ങളെല്ലാം എൻെറ ഹൃദയത്തിൽനിന്നു നീക്കി ദൈവസ്നേഹത്താൽ അതിനെ നിറച്ചരുളുക. എൻെറ ഈശോയേ! അങ്ങുന്നു മനുഷ്യരെ അറുതിയില്ലാത്തവണ്ണം സ്നേഹിക്കുന്നു. സ്നേഹത്തിന്നു പ്രതിസ്നേഹം ലഭിക്കുന്നതിന്നായി അവരെ ഇടവിടാതെ ക്ഷണിക്കുന്നു. എങ്കിലും അവരിൽ അനേകർ അങ്ങേ പരിശുദ്ധ സ്നേഹത്തിൻെറ മാധുര്യത്തെ ഗ്രഹിക്കാതെ, നിലനില്പില്ലാത്ത ലൌകിക സ്നേഹങ്ങളുടെ പിന്നാലെ ഓടിവലയുന്നു. ഹാ! ദിവ്യസ്നേഹമേ! മാനുഷഹൃദയത്തിൻെറ അന്ധതയെ അവിടുന്നു തെളിയിക്കുക. ലോകം മുഴുവൻ അങ്ങേ ദിവ്യ ഹൃദയത്തിൻപക്കൽ ഓടിക്കൂടട്ടെ. സകല ഹൃദയങ്ങളിന്മേലും അങ്ങുന്നു രാജാവായി വാണരുളുക. പിശാചിൻെറയും പാപത്തിൻെറയും വാഴ്ച ലോകത്തിൽ ഇല്ലാതെയാക്കുക. അങ്ങേ മണവാട്ടി

യ തിരുസഭ സൎവ്വത്ര വിജയിക്കട്ടെ. ഈശോയേ എന്റെ ദൈവമേ എല്ലാ വസ്തുക്കളെക്കാൾ അങ്ങേ ഞാൻ സ്നേഹിക്കുന്നു.

### പന്തക്കുസ്താ തിരുനാൾ.

ദിവ്യരക്ഷകൻ സ്വൎഗ്ഗത്തിലേക്കു ആരോഹണംചെയ്തതിന്റെ പത്താംദിവസം പരിശുദ്ധാത്മാവു ശ്ലീഹന്മാരുടെമേൽ എഴുന്നള്ളി. യൂദന്മാരെ ഭയന്നു ഭീരുക്കളായി അത്താഴശാലയിൽ കൂടിയിരുന്ന ശിഷ്യന്മാർ ദിവ്യ റൂഹാദക്കുദശായെ കൈക്കൊണ്ടശേഷം എത്ര വ്യത്യാസപ്പെട്ട മനുഷ്യരായിപ്പകരുന്നുവെന്നു നോക്കുക. പന്തക്കുസ്താ തിരുനാളിലാണു് തിരുസഭയുടെ ആരംഭദിനം. തീനാക്കുകളുടെ രൂപത്തിൽ അന്നു ശ്ലീഹന്മാരുടെമേൽ ആവസിച്ച ദിവ്യാത്മാവു ഇന്നേവരെ തിരുസഭയെ ശക്തിപ്പെടുത്തി പരിപാലിച്ചു നയിച്ചുകൊണ്ടുപോരുന്നു. മനുഷ്യ ഹൃദയത്തിൽ പരിശുദ്ധാത്മാവു ചെയ്യുന്ന വരപ്രസാദത്തിന്റെ പ്രവൃത്തികളെ നാം കണ്ടറിയാനിടയായെങ്കിൽ എത്രയൊ ഭാഗ്യം! വിളക്കിൽ എണ്ണ തീൎന്നുപോയാൽ എപ്രകാരം ദീപം അണഞ്ഞുപോകുന്നുവോ, അപ്രകാരമാണു് പരിശുദ്ധാത്മാവിന്റെ അഭാവത്താൽ ഒരു ആത്മാവിന്റെ ജീവൻ അന്തരിച്ചുപോകുന്നതെന്നു പുണ്യാത്മാക്കൾ സമൎത്ഥിക്കുന്നതു നമ്മുടെ ഓൎമ്മയിൽ സദാ ഉണ്ടായിരിക്കണം. നമ്മുടെ സകല പ്രവൃത്തികൾക്കും മുമ്പായി ദിവ്യറൂഹാദക്കുദശായുടെ വെളിവു അപേക്ഷിക്കുന്നതിന്നു നാം അഭ്യസിക്കണം. ആ ദിവ്യാത്മാവു അന്ധകാരമയമായ ഈ ലോകത്തിൽ നമുക്കു സദാ മാൎഗ്ഗദീപമായി നമ്മെ നയിച്ചുകൊള്ളും.

### വാൎഷികദിനം.

നി. വ. ദിവ്യശ്രീ കയ്യാളശ്ശേരിൽ മാർ തോമ്മാമെത്രാനച്ചൻ തിരുമനസ്സുകൊണ്ടു റോമിൽവച്ചു നിൎയ്യാതനായിട്ടു ഈ ജൂൺ ൨-ാംനു- രണ്ടു സംവത്സരം പൂൎത്തിയാകുന്നതാണല്ലൊ. ഇത്ര ദീൎഘകാലമായിട്ടും തിരുമേനിക്കു ഒരനന്തരഗാമി ഇതേവരെ ഉണ്ടായിട്ടില്ലെന്നുള്ളതു പ്രത്യേകിച്ചും സന്താപകാരണമായിട്ടാണിരിക്കുന്നതു്. തിരുമനസ്സിലെ ചരമ വാൎഷികദിനം ഈക്കൊല്ലവും യഥായോഗ്യം അനുസ്മരിക്കണമെന്നു അഡ്മിനിസ്ത്രേയിറ്റർ അപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ടു പരസ്യ ലേഖനം വഴിയായി അറിയിച്ചിട്ടുണ്ടു്. നിൎയ്യാതനായ തിരുമേനിയുടെ പ്രാൎത്ഥനകൾ വഴിയായി പലൎക്കും ലഭിച്ചുകൊണ്ടിരിക്കുന്ന മനോഗുണങ്ങൾ കുസുമവായനക്കാൎക്കു ഏറെക്കുറെ സുപരിചിതങ്ങളാണല്ലൊ. കുറേമുമ്പു പരേതനായ ബൽജിയത്തിലെ കാൎഡിനൽ മേൎസിയർ തിരുമേനിയെ ധന്യനെന്നു നാമകരണം ചെയ്യുന്നതിലേക്കുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുള്ളതായി കേൾക്കുന്നു. ഭാഗ്യസ്മരണാൎഹനായ നമ്മുടെ പിതാവിനും ഈ ബഹുമതി ലഭിപ്പാൻ അസാദ്ധ്യമായിട്ടുള്ളതല്ല. ആകയാൽ ഓരോ ആവശ്യങ്ങളിൽ നാം ഈ പുണ്യപിതാവിന്റെ സഹായം അപേക്ഷിക്കയും, പ്രസ്താവാൎഹങ്ങളായ മനോഗുണങ്ങൾ ലഭിക്കുമ്പോൾ അവയെ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നതു ഇതിലേക്കു ഉപകരിക്കുമെന്നു പറയേണ്ടതില്ലല്ലൊ. നമുക്കു സഹജമായ ആരംഭശൂരത്വം ഈ സംഗതിയിലും നാം പ്രത്യക്ഷപ്പെടുത്താതെ സ്ഥിരമായിനിന്നു ശ്രമിക്കേണ്ടതാകുന്നു.

---


## മാന്യ വരിക്കാൎക്കു്. പ്രത്യേക വിജ്ഞാപനം.

കുസുമത്തിന്റെ വരിപ്പണം മുമ്പേറു അടയ്ക്കണമെന്നുള്ളതു നിൎബ്ബന്ധമാണു്. ആകയാൽ ഇതേവരേ പണം അയച്ചിട്ടില്ലാത്തവർ ഉടൻ മണിയോൎഡറായി അയച്ചുതരികയൊ, അല്ലെങ്കിൽ വി. പി. വരുമ്പോൾ സദയം സ്വീകരിച്ചു പണം അയക്കയൊ ചെയ്വാനപേക്ഷ.

മാനേജർ, കൎമ്മെലകുസുമം, മാന്നാനം.

# തിരുഹൃദയ വണക്കം.

(മലങ്കര മെത്രാപ്പോലീത്താ തിരുമനസ്സിലെ ഒരു ഇടയലേഖനത്തിൽനിന്നു.)

സർവ്വനാഥനായ ദൈവത്തിന്നു മനുഷ്യരുടെ നേർക്കുള്ള അപരിമിതസ്നേഹം സദാ നമ്മുടെ ശ്രദ്ധയെ ആകർഷിക്കേണ്ടുന്ന ഏററം ഗുരുതരമായ വിഷയമാണ്. ആകാശമാകട്ടെ, ഭൂമിയാകട്ടെ അവയിലുൾപ്പെട്ട ഏതെങ്കിലും വസ്തുവാകട്ടെ നമ്മുടെനേർക്കു സർവ്വേശ്വരന്നുള്ള പൈതൃകസ്നേഹം വിളിച്ചുപറയാത്തതായി നാം കാണുകയില്ല. നാം ഓരോരുത്തരും ഇതിന്റെ ജീവനുള്ള സാക്ഷികളും നമുക്കുള്ളവയെല്ലാം ഏതൽ ലക്ഷ്യങ്ങളുമത്രെ എന്നു പറയുന്നതിൽ സംശയിപ്പാനില്ല. ഇതിനാൽ ദൈവസ്വഭാവത്തെപ്പററി പ്രതിപാദിക്കയിൽ വി. യോഹന്നാനു ദൈവം സ്നേഹമാകുന്നു. (യോ 1-ാം ലേഖ. 4, 8.) എന്നല്ലാതെ മറെറാന്നും പറവാൻ സാധിച്ചില്ല.



പ്രസ്തുത തത്വം ശരീരികളായ മനുഷ്യർക്കു പ്രസ്പഷ്ടമായി കാണിക്കുന്നതിന്നു വേണ്ടിയത്രെ ദൈവപുത്രനെ പിതാവു ലോകത്തിലേക്കു അയച്ചതു്. മ്ശിഹായുടെ പിറവിയും, ജീവിതവും, അധ്വാനങ്ങളും, ഉപദേശങ്ങളും, അത്ഭുതങ്ങളും, കഷ്ടാനുഭവവും, ഭയങ്കര കുരിശുമരണവും, നമ്മുടെ നേർക്കു അവിടെക്കുള്ള സ്നേഹത്തിന്റെ ഇടമുറിയാത്തുള്ള ഒരു പ്രസംഗമല്ലാതെ മറെറാന്നുമായിരുന്നില്ല. ഒരു മനുഷ്യൻ അവന്റെ സ്നേഹിതന്മാർക്കുവേണ്ടി സ്വന്തആയുസ്സിനെ പൂജിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ല, (യോ. 15. 13.) എന്നു അവിടുന്നു വാങ്മൂലം പഠിപ്പിച്ചിട്ടുള്ളതു എത്രയും ഹൃദയസ്പർശകമായവിധം പ്രവൃത്തിയാൽ സ്ഥിരീകരിക്കയും ചെയ്തു. ഇത്രത്തോളം ചെയ്യുന്നതു മനുഷ്യർക്കു ഒട്ടുംതന്നെ എളുപ്പമല്ല. കൂടുതൽ ഒന്നുംതന്നെ സാദ്ധ്യവുമല്ല. എന്നാൽ ദൈവപുത്രൻ നമുക്കുവേണ്ടി കഷ്ടതരമായ മരണം അനുഭവിച്ച ശേഷം അവിടത്തെ സ്നേഹം ഇതിന്നപ്പുറം കടന്നു നമുക്കുവേണ്ടി ഒരത്ഭുതംകൂടി പ്രവർത്തിച്ചു വി. കുർബാനയെസ്ഥാപിക്കയും, അതിൽ എത്രയും ദൈവികമായവിധം നമ്മോടുകൂടെ ലോകാവസാനംവരെ ഇരുന്നു സ്നേഹത്തിന്റെ സകല കൃത്യങ്ങളും നിർവ്വഹിച്ചുപോരുകയും ചെയ്യുന്നു.

പരിശുദ്ധ ദിവ്യകാരുണ്യത്തിൽ ബലിയുടെയും കൂദാശയുടെയും നിലയിൽ ദൈവപുത്രൻ നമ്മോടു കാണിക്കുന്ന പരമസ്നേഹം യഥായോഗ്യം മനസ്സിലാക്കി, ആത്മജീവന്റെയും സാമുദായികഭാഗ്യങ്ങളുടെയും ഉറവയായ വി. കുർബാനയുടെ നേർക്കു നിങ്ങളിൽ കൂടുതൽ സ്നേഹവും വണക്കവും, ആരാധനയും അഭിവൃദ്ധിപ്പെടുത്തേണ്ടതു് നമ്മുടെ ഇടയനടുത്ത പ്രധാന ചുമതലയായി നാം കരുതുന്നു.

ന. കർത്താവിന്റെ തിരുഹൃദയഭക്തിക്കായി പ്രത്യേകം പ്രതിഷ്ഠിച്ചിരിക്കുന്ന ഈ വരുന്ന ജൂൺമാസത്തിൽ ഈ സ്നേഹം മുതലായതു വിശേഷവിധത്തിൽ നമ്മൾകാണിക്കേണ്ടതാണു്. ഹൃദയം സ്നേഹത്തിന്റെ ചിഹ്നവും ഇരിപ്പിടവുമാകയാൽ നമ്മുടെ കർത്താവിന്നു നമ്മുടെ നേർക്കുള്ള സ്നേഹമല്ലയൊ തിരുഹൃദയം നമ്മളോടു വിളിച്ചുപറയുന്നതു്? രാപ്പകൽ എല്ലാ പള്ളികളിലും തന്റെ നന്മയും ആശീ

പ്പാദവും തരുന്നതിനായി നമ്മൾ ഓരോരുത്തരുടേയും വരവിനെ പാർത്തിരിക്കുന്ന ഈശോകർത്താവിൻെറ സ്നേഹമല്ലയൊ ശ്ലീ. കുർബാനയും പ്രസ്പഷ്ടമായി കാണിക്കുന്നതു്? ശ്ലീ. കുർബാനയിൽ ഈ കർത്താവു തന്നെയുള്ളതിനാൽ അങ്ങെ സജീവ ഹൃദയം അതിലുണ്ടു്.....

# മലങ്കര സഭ.

ഓണറബിൾ എം. രത്തിനസ്വാമി എം. ഏ. ബാർ അററ്ലാ എം. എൽ. ഏ. അവർകളുടെ കോൺഗ്രസ്സ് അദ്ധ്യക്ഷപ്രസംഗത്തിൽനിന്നു.

കേരളീയ കത്തോലിക്ക കോൺഗ്രസ്സിൻെറ ഒമ്പതാമത്തു വാർഷിക സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിക്കാൻ ക്ഷണിച്ചുകൊണ്ടു നിങ്ങൾ എന്നോടു പ്രദർശിപ്പിച്ചിരിക്കുന്ന ബഹുമാനത്തിനു ഞാൻ വളരെ കൃതജ്ഞതയുള്ളവനായിരിക്കുന്നു. കേരളം ജന്മനാടെന്നഭിമാനിക്കാൻ ഭാഗ്യമില്ലാത്തവനായ എനിക്കു നിങ്ങൾ നൽകിയിരിക്കുന്ന ഈ സ്ഥാനം ഏററവും ബഹുമാനകരമത്രെ. എന്നാൽ ഇതിനു നിങ്ങളിൽനിന്നുതന്നെ ഒരാളെ തിരഞ്ഞെടുക്കേണ്ടതായിരുന്നു എന്നാണു ഞാൻ വിചാരിക്കുന്നതു്. അയാൾ നിങ്ങളുടെ അഭിലാഷങ്ങളും ആവശ്യങ്ങളും അറിഞ്ഞിരിക്കുമെന്നുള്ളതിനാൽ നിങ്ങളുടെ പര്യാലോചനകളിൽ നിങ്ങളെ കുറെക്കൂടെ ശരിയായി നയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും അയാൾക്കു സാധിക്കുമായിരുന്നു. എന്നാൽ നിങ്ങളേയും എന്നെയും പരസ്പരം ഉരുക്കുശൃംഖലകളേക്കാൾ ശക്തിയായും സമൃക്കായും യോജിപ്പിക്കുന്ന ഒരു ബന്ധമുണ്ടു്. ആ ബന്ധം നിങ്ങളും ഞാനും ജീവനേക്കാൾ മതിക്കുന്ന വിശ്വാസമാകുന്നു.

കത്തോലിക്ക വിശ്വാസത്തിൻെറ ഒരു കണികക്കു ലോകമാസകലത്തെയും ഏക മനോഭാവമുള്ളതാക്കിത്തീർക്കുന്നതിനു സാധിക്കുമെങ്കിൽ നിഷ്ഠുരമായ ഭരണദുഷ്പ്രഭുത്വത്തിൽ നിന്നുണ്ടായ തീവ്രമതപീഡനം ഏററു സങ്കടപ്പെടുന്ന മെക്സിക്കോയിലെ സഹോദരങ്ങളോടു ലോകംമുഴുവൻ പ്രദർശിപ്പിക്കുന്ന സഹതാപം ഇതിനു ഉദാഹരണമാകുന്നു. കത്തോലിക്കസഭയുടെ പരിശ്രമങ്ങളെക്കുറിച്ചുള്ള അന്ധതയോടൊപ്പം തന്നെ അതിനോടു മനഃപൂർവ്വവിദ്വേഷവുമുള്ള ഇൻഡ്യയിലെ പത്രങ്ങൾ പ്രസ്തുത മതപീഡനത്തോടു അനുഭാവം കാണിക്കുന്ന സ്ഥിതിക്കു് അതിനെ ഈ കത്തോലിക്കകോൺഗ്രസ് ശക്തിയായി പ്രതിഷേധിക്കാൻ പ്രത്യേകം ആവശ്യമുള്ളതാണു്. ജാതി, ഭാഷ, പരിഷ്കാരാദികളാൽ വിഭിന്നരെങ്കിലും മററനേകവിധത്തിൽ ഒന്നായിരിക്കുന്ന ഇൻഡ്യൻകത്തോലിക്കരെ അതു എത്രയധികം സംബന്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഈ ഇൻഡ്യാരാജ്യത്തിൽ വ്യക്തികൾ തമ്മിലും സമുദായങ്ങൾ തമ്മിലും വിയോജിച്ചിരിക്കാൻ അനേകം സാഹചര്യങ്ങൾ ഉള്ളതുകൊണ്ടു ഇവിടെ വിശേഷിച്ചും കത്തോലിക്കാ ഐക്യബന്ധം ഇതരരാജ്യങ്ങളിലേക്കാൾ കൂടുതൽ ശക്തിയുള്ളതായി തീരാവുന്നതാണു്.

കേരളീയ കത്തോലിക്കരോടു കൂടി സമ്മേളിക്കയും ആലോചിക്കയും ചെയ്യുന്നതിനുള്ള ഈ അവസരത്തെ ഞാൻ സസന്തോഷം സ്വീകരിച്ചതിനു് വേറൊരു കാരണംകൂടെയുണ്ടു്. ഇൻഡ്യയിലെ ക്രിസ്തുമത ചരിത്രത്തെപ്പററി അല്പമെങ്കിലും വായിച്ചിട്ടുള്ള യാതൊരു ക്രിസ്ത്യാനിയും, അപ്പസ്തോലികകാലത്തിൽ തന്നെ ക്രിസ്തുമതം സ്ഥാപിതമായിട്ടുള്ളതും ഇ

ൻഡ്യയിൽ ക്രിസ്തീയ വിശ്വാസം ആദ്യമായി കുടികൊണ്ടതും ആയ കേരളത്തിലെ ക്രിസ്തുമതചരിത്രത്തിൻെറ വൈചിത്ര്യത്താൽ ആഹ്ളാദഭരിതനാകാതിരിക്കയില്ല. മതപീഡനം സഹിക്കേണ്ടിയിരുന്നിട്ടും വിഗ്ഗ്രഹസ്ഥരാജ്യത്തിൽ ജീവിച്ചിരുന്നിട്ടും ശീസ്മക്കാരുടെ ദുഷ്പ്രേരണകൾ ഉണ്ടായിരുന്നിട്ടും റോമ്മാസിംഹാസനത്തോടുള്ള ഭക്തിബഹുമാനാദികളെ സുസ്ഥിരം പാലിച്ചു പോന്നിട്ടുള്ള ഈ കത്തോലിക്കവീരസമൂഹത്തിൻെറ ജീവിതപോരാട്ടങ്ങളെപ്പററി വായിക്കുന്ന ഏതൊരു കത്തോലിക്കൻെറ ഹൃദയകമലത്തിലാണു രക്തം തിളയ്ക്കാതിരിക്കുന്നതു്? ഇൻഡ്യൻകത്തോലിക്ക സമുദായത്തിൻെറ പരിശ്രമഗതികളെ നേരിട്ടു കണ്ടറിയുന്നതിനായി ഞാൻ 1913-ൽ മലയാളദേശം സന്ദർശിച്ചപ്പോൾ, കഴിഞ്ഞകാലത്തെ നഷ്ടം പരിഹരിക്കുന്നതിനുവേണ്ടി ത്വരിതവും സുസ്ഥിരവും ആയി പ്രയത്നിച്ചുകൊണ്ടിരിക്കുന്ന സ്വദേശീയ പുരോഹിതന്മാരാലും സന്യാസിനികളാലും നടത്തപ്പെടുന്ന ആൺപള്ളിക്കൂടങ്ങൾ, പെൺപള്ളിക്കൂടങ്ങൾ, സ്വാശ്രയസ്ഥിതമായി അനുദിനം അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്ന ഇടവകകൾ, ആസന്നഭാവിയിൽ പരിപൂർത്തിയാകുവാനിരുന്ന ദേശീയഹൈരാർക്കി, എന്നീ കത്തോലിക്കമതചൈതന്യത്തിൻെറ ലക്ഷ്യവിശേഷങ്ങളെ കണ്ടു സംതൃപ്തനാകാനിടയായി. ഇൻഡ്യയിലെ കത്തോലിക്കമതത്തിനുള്ള അസന്നിഗ്ദ്ധമായ ഒരു ഭാവി മലയാളദേശത്താണെന്നാണു് ഞാൻ അന്നുമുതൽ എപ്പോഴും വിശ്വസിച്ചുകൊണ്ടിരിക്കുന്നതു. ഇത്രയും പ്രസ്താവിച്ചതിൽ നിന്നു ഞാൻ ഒരു അപരിചിതനായിട്ടാണു നിങ്ങളുടെ ഇടയിൽ ആഗതനാകുന്നതെങ്കിലും ഒരു സ്നേഹിതനെന്നും അഭിനന്ദകനെന്നും ഉള്ള സ്ഥിതിയിൽ നിങ്ങളുടെ ഭൂതകാലചരിത്രത്തിൽ ഏററം താല്പര്യമുള്ളവനും അതുപോലെതന്നെ ശുഭോദർക്കമായ നിങ്ങളുടെ ഭാവിയിൽ ഏററം വിശ്വാസമുള്ളവനുമായ ഒരാളിൻെറ നിലയിൽ നിങ്ങളെ അഭിസംബോധനം ചെയ്യുന്നതിനു എനിക്കു അവകാശപ്പെടാമെന്നുള്ളതിലേക്കു മതിയായ കാരണങ്ങൾ കാണിച്ചു കഴിഞ്ഞു എന്നു ഞാൻ വിചാരിക്കുന്നു.

## ശാസ്ത്രാഭ്യസനം ചെയ്യേണ്ട വിധം.

വി. വിൻസൻറ് ദിഫെറേർ എന്ന പുണ്യവാൻ തൻെറ ഒരു ആധ്യാത്മിക ഗ്രന്ഥത്തിൽ ശാസ്ത്രാഭ്യസനം ചെയ്യുന്ന ആളുകൾക്കായി താഴെപ്പറയുന്ന സംക്ഷേപമായ ഒരുപദേശം എഴുതിയിരിക്കുന്നു. "നിനക്കു പ്രയോജനകരമായവിധത്തിൽ ശാസ്ത്രാഭ്യസനം ചെയ്യുന്നതിനു നീ അഗ്രഹിക്കുന്നോ? എന്നാൽ നിൻെറ വിദ്യാഭ്യാസത്തോടുകൂടെ എപ്പോഴും ഭക്താഭ്യാസങ്ങളും സംയോജിച്ചിരിക്കട്ടെ. ശാസ്ത്രജ്ഞനായി തീരണമെന്നുള്ളതിനേക്കാൾ പുണ്യവാനായി തീരണമെന്നുള്ള ഉദ്ദേശത്തോടേ പഠിക്കുക. നിൻെറ പുസ്തകങ്ങളേക്കാൾ അധികം ദൈവത്തിൽ ആശ്രയിക്കയും, വായിക്കുന്നതു വേണ്ടപോലെ ഗ്രഹിക്കുന്നതിനു എളിമയോടേ അങ്ങയോടു പ്രാത്ഥിക്കയും ചെയ്ക. പഠിനം മനസ്സിനേയും ഹൃദയത്തേയും ക്ഷീണിപ്പിക്കയും മന്ദിപ്പിക്കയും ചെയ്യുന്നു. അതുകയാൽ ഇടക്കിടെ അവയെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി കുരിശിൻകീഴേ ഈശോയുടെ തൃപ്പാദങ്ങളിൽ പോക. തൻെറ തിരുമുറിവുകളിൽ കുറേനേരം ആശ്വസിച്ചാൽ നവമായ ഉന്മേഷവും വെളിവും നിനക്കുണ്ടാകും. ഇടയ്ക്കിടെ ചെറുതെങ്കിലും എരിവുള്ള സുകൃതജപങ്ങൾ ചൊല്ലുക. പ്രാത്ഥിക്കാതെ പഠിനം തുടങ്ങുകയോ അവസാനിപ്പിക്കയോ ചെയ്യരുതു്. വെളിവുകളുടെ പിതാവിൻെറ ഒരു ദാനമാകുന്നു ശാസ്ത്രജ്ഞാനം; അതിനാൽ നിൻെറ ബുദ്ധികൂർമ്മതയുടെയോ പരിശ്രമത്തിൻെറയൊ മാത്രം ഫലമാണതെന്നു ഒരിക്കലും നീ വിചാരിച്ചുപോകരുതു്.

# കരുണയുടെ ഉല്പത്തിസ്ഥാനമായ ഈശോയുടെ ദിവ്യഹൃദയം.

(വെറി റവ. ഫാദർ ഗാബ്രിയേൽ സി. ഡി.)

കന്യകയായ ബനീഞ്ഞായോടു ദിവ്യരക്ഷകൻ അരുളിച്ചെയ്ത ഏതാനും സാരോപദേശങ്ങൾ ഈ മാസത്തിൽ പ്രത്യേകം സ്മരണീയങ്ങളായിരിക്കുന്നു.

1. ഞാൻ കരുണയുടെ ദൈവമാകുന്നു.

2. എന്റെ കാരുണ്യത്തിന്റെ ഇടമുറിയാതുള്ള പ്രവൎത്തനമല്ലാതെ മററു യാതൊന്നും ഞാൻ ഇത്ര തീക്ഷ്ണതരമായി ആഗ്രഹിക്കുന്നില്ല.

3. എന്റെ നീതിയുടെ ആയുധം പ്രയോഗിക്കുന്നതിന് ഞാൻ നിർബന്ധിതനാകുമ്പോൾ ജലപ്രവാഹത്തിനെതിരായി നീന്തുന്നതുപോലെയാണ് എന്റെ അനുഭവം. അപ്പോൾ എന്നോടുതന്നെ ഞാൻ ബലം ചെയ്യേണ്ടതായി വന്നുകൂടുന്നു.

4. എന്റെ കരുണയുടെ വാതായനം ഒരിക്കലും ബന്ധിതമാകുന്നില്ല. അതു് സദാ അല്ലെങ്കിലും തുറന്നുതന്നെ ഇരിക്കുന്നു. ഒരു ചെറിയ 'മുട്ട്', കൊണ്ടു് അതു് വിസ്തൃതമായി തുറക്കപ്പെടുന്നു. ഒരു ചെറിയ ശിശുവിനോ, ഒരു ബലഹീനനായ കിഴവനോ അതു് എളുപ്പത്തിൽ തുറക്കുകയും ചെയ്യാം.

5. എന്റെ നീതിയുടെ കവാടമാകട്ടെ, ഭദ്രമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. മററുള്ളവർ എന്നെ നിർബന്ധിക്കുമ്പോൾ മാത്രമേ ഞാൻ അതു ഒന്നു തുറക്കുകയുള്ളൂ. എന്റെ മനസ്സാലെ ഞാൻ ഒരിക്കലും അതു തുറക്കുന്നുമില്ല.

6. എന്റെ കരുണയുടെ പ്രവേശനദ്വാരത്തിലൂടെ ഒരാത്മാവു് അകത്തു കടക്കുമ്പോൾ പിന്നീടു ഓടിപ്പോകുന്നതിനു് അവൾക്കു് ഒരിക്കലും അനുമതി നൽകാതെയും, ഉത്തരോത്തരം അവളെ സന്തോഷിപ്പിക്കുന്നതിനു് ശ്രമിച്ചുകൊണ്ടും, അവളുടെ നവീന വസതിയോടു് സ്നേഹമുണ്ടാകുന്നതിനു് പ്രേരിപ്പിക്കുന്ന ആ പരമസ്നേഹത്തിനു ആ ഭാഗ്യപൂരിതയായ ആത്മാവു് അധീനയായിത്തീരുന്നു.

7. ക്രമലംഘനങ്ങൾ, ആശാപാശങ്ങൾ മുതലായവയാൽ പീഡിതയായ ഒരാത്മാവിന്റെ സ്ഥിതി എത്രതന്നെ ദുരിതപൂരിതമായിരുന്നാലും, അവൾ എത്രകണ്ടു് എന്റെ സ്നേഹത്തിനു് തന്നെത്തന്നെ ഭരമേല്പിക്കുമോ അത്രകണ്ടു് എന്റെ സ്നേഹം സന്തോഷിക്കുകയും, അവളുടെ ഉന്നമനത്തിനുവേണ്ടി പരിശ്രമിക്കുന്നതിൽ കൃത്യകൃത്യത നേടുകയും ചെയ്യുന്നു.

8. ദൈവം ഇത്രയധികം സ്നേഹിക്കുന്ന ഈ ആത്മാക്കൾ ദൈവികകാരുണ്യാതിരേകത്തിന്റെ മഹത്വീകരണത്തിനായി സ്ഥിതിചെയ്യുന്ന സജീവദീപസ്തംഭങ്ങളത്രെ. ഇവർ സദാ ദൈവത്തെയും, അവന്റെ കരുണയുടേയും സ്നേഹത്തിന്റെയും ആധിക്യത്തിൽനിന്നു് അവർക്കു തങ്ങളുടെ ഐഹികജീവിതത്തിൽ ലഭിച്ച ശോഭായമാനങ്ങളായ പ്രസാദവരങ്ങളേയും കുറിച്ചു് വിചിന്തനംചെയ്യുന്നു. ഈ ആത്മാക്കൾ അനാരതം അമൂല്യരത്നങ്ങളായി പ്രശോഭിക്കുകയും, ദൈവികകരുണയുടെ മകുടങ്ങളായി പരിലസിക്കുകയും ചെയ്യും.

# റോമിലെ പ്രേതാലയങ്ങൾ.

(ദിവ്യശ്രീ. കാപ്പിൽ കുര്യാക്കോസച്ചൻ ശ. പി. എച്ച്. ഡി.)

"റോമിലെ ഒരു കഷണം കല്ലു അനേക സഹസ്ര വൎഷത്തെ ചരിത്രം പറയുന്നു" എന്നുള്ള അപൂൎവവാക്യം എത്രയൊ അൎത്ഥവത്തായിരിക്കുന്നു എന്നു് ഓ

രോ ദിവസത്തെ അനുഭവവും ദൃഢപ്പെടുത്തുന്നു. പൂർവ്വക്രിസ്ത്യാനികൾ അനുസരിച്ചുവന്ന വിശ്വാസ സത്യങ്ങളുടെ വിശദമായ ഒരു നിർവ്വചനം കിട്ടേണമെങ്കിൽ സഭാപിതാക്കന്മാരുടെ ഗ്രന്ഥങ്ങളിലേക്കും സഭയുടെ പാരമ്പര്യ നടപടികളിലേയ്ക്കും ദൃഷ്ടിതിരിച്ചാൽ മതിയാകുന്നതാണ്. എങ്കിലും അവരുടെ മത തീക്ഷ്ണതയേയും, ദൃഢവിശ്വാസത്തേയും ക്രിസ്തീയ ധൈര്യത്തേയും ലോകസമക്ഷം പ്രഖ്യാപനം ചെയ്യുന്നതിനു ഇവിടത്തെ ജഗൽപ്രസിദ്ധങ്ങളായ പ്രേതാലയങ്ങളെക്കാൾ ശക്തിയേറിയ സ്മാരകലക്ഷ്യങ്ങൾ ഉണ്ടാകുമെന്നു തോന്നുന്നില്ല.

ഈ പ്രേതാലയങ്ങളെപ്പററി മുമ്പൊരിക്കൽ ഞാൻ കുറെ എഴുതിയിരുന്നല്ലൊ. ഭൂമിക്കടിയിൽക്കൂടി അവിടെ നടന്നുകണ്ടിട്ടുള്ള ചില കപ്പേളകളേയും ശവകുടീരങ്ങളേയും പററി ഇത്തവണ അല്പം പ്രസ്താവിച്ചുകൊള്ളട്ടെ. അവയിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണ് വി. സിക്സ്റ്റസിന്റെ കപ്പേള. ൨൫൮-ൽ വി. സിക്സ്റ്റസ് മാർപ്പാപ്പാ ഈസ്ഥലത്തു ദിവ്യപൂജ അണച്ചുകൊണ്ടു നില്ക്കയിൽ അവിടെവച്ച് മതദ്രോഹികൾ അദ്ദേഹത്തിന്റെ ശിരച്ഛേദനം നടത്തിയതിനാലാണ് ഈ പേരുണ്ടായതു്. ൨൩൬-ൽ വി. ഫാബിയാൻ മാർപ്പാപ്പാ ഈ കപ്പേളയെ ജീർണ്ണോദ്ധാരണം ചെയ്കയുണ്ടായിട്ടുണ്ടു്. വിശു. സെഫ്റീനസ് പാപ്പായുടേയും വി. കർബാനയുടെ വേദസാക്ഷിയായ വി. താർസിസ്യൂസിന്റെയും തിരുശ്ശരീരങ്ങൾ അടക്കപ്പെട്ടിരിക്കുന്ന ഈ കപ്പേള സാമാന്യം വലുതും ഭിത്തികളിൽ പല വിശേഷ ചിത്രങ്ങളോടു കൂടിയതുമാണ്.

അതിനു അടുത്തായി മാർപ്പാപ്പാമാരുടെ കപ്പേള സ്ഥിതിചെയ്യുന്നു. ആദ്യത്തെ മൂന്നു നൂററാണ്ടുകളിൽ മാർപ്പാപ്പാമാർ ദിവ്യപൂജ അണയ്ക്കുന്നതിനുപയോഗിച്ചിരുന്ന ഈ കപ്പേള ഡാമസൂസ്, സിക്സ്റ്റസ് എന്നീപരിശുദ്ധപിതാക്കന്മാരുടെ കാലത്താണ് വിശേഷവിധമായി അലങ്കരിക്കപ്പെട്ടതെന്നു പറയപ്പെടുന്നു. പതിനൊന്നിൽപരം മാർപ്പാപ്പാമാരുടെ തിരുശ്ശരീരങ്ങൾ ഇതിൽ അടക്കപ്പെട്ടെങ്കിലും 817-ൽ പാസ്കൽ മാർപ്പാപ്പായുടെ കല്പനപ്രകാരം അവയെല്ലാം റോമ്മിലേയ്ക്കു മാററപ്പെടുകയാണുണ്ടായതു്. ഇവരിൽ മൂന്നാം നൂററാണ്ടിൽ രക്തസാക്ഷിത്വം സ്വീകരിച്ച അൻതേരൂസ്, പൊൻസ്യാനുസ്, ഫാബിയാൻ, ലൂച്ചിയൂസ്, എവുത്തിക്യാനുസ് എന്നീ വിശുദ്ധന്മാരുടെ കവറിടങ്ങളെ മൂടിയിരുന്ന കല്പലകകൾ ഇപ്പോഴും കാണ്മാനുണ്ടു്. അവയുടെ മുകളിൽ ചില ലിപികളും കാണപ്പെടുന്നു.

അവിടെനിന്നു അധികം ദൂരത്തല്ലാതെ സ്ഥാപിതമായിരിക്കുന്ന "കൂദാശകളുടെ കപ്പേള"യിലെ ചിത്രങ്ങൾ അതിമനോഹരങ്ങളായിരിക്കുന്നു. മൂശ പാറയിൽ അടിച്ച് ജലം പുറപ്പെടുവിക്കുന്നതും മററുമായ പടങ്ങളാൽ വി. കൂദാശകളെ രേഖപ്പെടുത്തിയിരിക്കുന്നതു് ചിത്രമെഴുത്തുകാരുടെ ശ്രദ്ധയെ സവിശേഷം ആകർഷിച്ചിട്ടുള്ളതാകുന്നു.

വി. എവുസേബിയൂസിന്റെ കപ്പേളയിൽ അസാമാന്യ കവിതാവാസനയുണ്ടായിരുന്ന ഡാമസൂസ് മാർപ്പാപ്പായുടെ ഒരു പദ്യശകലം കാണുന്നുണ്ടു്. 310-ൽ മാക്സെൻസിയൂസിന്റെ കാലത്തു് വി. എവുസേബിയൂസ് മാർപ്പാപ്പാ സത്യവേദത്തിനുവേണ്ടി രാജ്യഭ്രഷ്ടനാക്കപ്പെട്ടു മരിച്ചതിനെക്കുറിച്ചുള്ള ഈ പദ്യം ഒരു കല്പലകയിലാണ് എഴുതപ്പെട്ടിരിക്കുന്നതു്.

ഈ കപ്പേളകൾക്കു പുറമെ പൊതുയോഗങ്ങൾ കൂടുന്നതിനായി ക്രിസ്ത്യാനികൾ ഉപയോഗിച്ചിരുന്ന സാമാന്യം വലിയ രണ്ടു മൂന്നു ശാലകളും ഇവിടെ കാണ്മാനുണ്ടു്. 11-ൽപരം ചതുരശ്രമൈലുള്ള ഈ പ്രേതാലയത്തിന്റെ പ്രധാന ഭാഗങ്ങൾ മാത്രമൊന്നു കാണുന്നതിനു് ഒരു ദിവസം മുഴുവൻ വ്യയം ചെയ്യേണ്ടിയിരിക്കുന്നു. ഭൂമിയ്ക്കടിയിൽ പത്തുനൂറടി താഴ്ചയിൽ വെള്ളമില്ലാതെ ഒരു ഗുഹ ഇത്ര വീതിവിസ്താരത്തിലുണ്ടാക എന്നതു് കാണാതെ വിശ്വസിപ്പാൻ പലരും മടിച്ചേക്കാമെങ്കിലും കണ്ടിട്ടുള്ളവർ പറഞ്ഞു

കേൾക്കുമ്പോൾ ആശങ്കയ്ക്കു അവകാശം ഉണ്ടാകുന്നതല്ലല്ലോ. എന്നല്ല ഇതുപോലെയൊ ഇതിലധികമൊ വലിപ്പമുള്ള മൂന്നു നാലു ഭൂഗർഭാലയങ്ങൾകൂടി റോമിനു പുറമുണ്ടു് എന്നു് അറിയേണ്ടതുണ്ടു്. വി. ദേവസ്യാനോസിന്റേയും വി. ഡോമിത്തില്ലായുടെയും പ്രേതാലയങ്ങൾ ഈ കൂട്ടത്തിൽ ഉൾപ്പെടും. ഇവയുടെ വ്യാപ്തി ഇനിയും പരിഛേദമായി തിട്ടപ്പെടുത്താറായിട്ടില്ല. ദിവസംപ്രതി എന്നപോലെ കുഴിച്ചുചെല്ലുന്തോറും വിശേഷതരത്തിലുള്ള പല കെട്ടിടങ്ങളും ഭൂമിക്കടിയിൽ കണ്ടുതുടങ്ങിയിരിക്കുന്നു. വി. ദേവസ്യാനോസിന്റെ പ്രേതാലയത്തിൽ ഇപ്പോൾ കണ്ടുപിടിച്ചിരിക്കുന്ന ഒരു ഭവനം ഭൂമിയുടെ ഉപരിഭാഗത്തുള്ള പലതിനെയും അതിശയിക്കുന്നതാണു്.

വെള്ളംകൂടാതെ ഒരുവേള ഇത്രയും സ്ഥലം ഭൂമിയ്ക്കടിയിൽ ഉണ്ടായാലും അതു് ഘോരസർപ്പങ്ങളുടെയും കുറുക്കൻ ക്രൂരൻ തുടങ്ങിയുള്ള നാല്ക്കാലികളുടെയും വാസഭൂമിയായിരിക്കുകയില്ലയൊ എന്നു് ചിലർ വിചാരിച്ചേക്കാം. ഇവിടെ അക്കൂട്ടർ ഒട്ടും ഇല്ലെന്നു വേണം പറവാൻ. വല്ലതുമുണ്ടെങ്കിൽതന്നെ വർഷത്തിൽ തണുപ്പിനിരയായിത്തരാതിരിക്കുകയില്ല. വേനൽക്കാലത്തു് വല്ല ചെറിയ പാമ്പിനേയും കാട്ടിലെങ്ങാനും കണ്ടെന്നു വരാം. ഈ രണ്ടു മൂന്നു കൊല്ലത്തെ അനുഭവംകൊണ്ടു് കാട്ടിലും അവ വളരെ അപൂർവ്വമാണെന്നു വേണം പറവാൻ. എന്നാൽ പ്രേതാലയങ്ങളിൽ മനുഷ്യരൊഴികെ വേറൊരു ജീവികളേയു ഇതുവരെ കാണാൻ കഴിഞ്ഞിട്ടില്ല പാമ്പു മുതലായ ദുഷ്ടജന്തുക്കൾ അവിടെയുള്ളതായി പറഞ്ഞുകേട്ടിട്ടുപോലുമില്ല. മനുഷ്യൻ ക്രൂരസർപ്പത്തെക്കാൾ ദുഷ്ടനായതുകൊണ്ടാണല്ലോ ആ ക്രിസ്തീയ സഹോദരങ്ങൾ ശവക്കല്ലറകളെ അഭയം പ്രാപിക്കുവാനിടയായതെന്നോർത്താൽ "നീറോ"യെപ്പോലുള്ള ക്രൂരസർപ്പങ്ങളെ ആരും ഭയപ്പെടുകതന്നെ ചെയ്യും.

## 'മകളെ! വിഷമിപ്പതെന്തു നീ.'

(ശ്രീമതി മേറി ജോൺ തോട്ടം)

അകതാരിലൊതുങ്ങിടാതെഴാരാ
വലുതാം സ്നേഹസുധാംബുരാശിയേ
സഖിതൻഹൃദയത്തിലേക്കഹോ!
ചൊരിയാനെത്രകൊതിച്ചിടുന്നു നീ? 15

പലനാളുകൾ സംശയിച്ചു നീ–
യൊരുനാളാഭവനത്തിലെത്തവേ
പലതോഴികളാൽ പരീതയാ–
യവളേ കണ്ടു നിരാശപൂണ്ടലം. 16.

മുഷിവെന്നിയെ വീണ്ടുമെത്തി നീ–
യൊരുനാളന്നവൾ ഗാഢനിദ്രയിൽ
സുഖമോടു ശയിച്ചിരിപ്പതായ്
സഖിമാരോതി; മടങ്ങി തൽക്ഷണം. 17

മടിയില്ല നിരാശയില്ല; നീ–
യവിടെപ്പിന്നെയുമെത്തിയന്നഹോ!
മുറിപൂട്ടിയിരുന്നു, ഖിന്നയായ്
നെടുവീർപ്പിട്ടുതിരിച്ചു നീയുടൻ. 18.

ഹൃദയത്തിനകത്തുതിങ്ങിടും
വലുതാംഭാരമസഹ്യമാകയാൽ
കടലാസുകളിൽ ചൊരിഞ്ഞുവ–
ച്ചിടുവാനോർത്തതിനായ് ശ്രമിച്ചു നീ. 19

ഒരു തൂലികതന്റെ ശക്തിയിൽ
കവിയും ജോലികൊടുത്തതിന്നു നീ
മൃദുവാംകടലാസിൽ നിർദ്ദയം
വലുതാംഭാരമതും ചുമത്തി നീ. 20.

ഫലമെന്തു ചെയ്തകൈകൾ താ–
നവയെത്തീയിലെരിച്ചുവായുവിൽ
നലമോടുപറത്തി; നിൻസുഹൃ–
ത്തറിയുന്നോ ഇതുവല്ലതും സുതേ! 21.

അവിചാരിതമായ് പരസ്പരം
വഴിമദ്ധ്യേ ബത! കണ്ടുമുട്ടുകിൽ
പിരിയും സമത്തു നീ സുതേ!
കരയും; മററവൾ ഗണ്യമാക്കിടാ. 22.

തപഹൃത്തിനകത്തുനിന്നു നീ
ചൊരിയുംസ്നേഹകടാക്ഷമൊന്നുമേ
സഖിതൻതൊലിയെക്കടന്നതി–
ന്നകമേയെത്തുവതില്ലൊരിക്കലും. 23.

അയിഭോഷി! തകത്തിടാശു നിൻ
ഹൃദയത്തെ വീഴ്ത്തുകൊണ്ടു നീ
മുതലും തിരിയെക്കിടക്കയി–
ല്ലിതുപോലുള്ളകടത്തിലൊന്നിലും. 24.

പലപാഠമയച്ചു ഞാൻ നിന–
ക്കതുകൊണ്ടേതുമറിഞ്ഞിടാതെ നീ
പൊലിയുംപ്രഭകണ്ടുമിന്നലിൻ
പിറകേ പിന്നെയുമോടിടുന്നു ഹാ! 25.

ഒരുവൻറ മനസ്സുകാണുവാൻ
പരനാളല്ലതു നീ ഗ്രഹിക്കണം.
ഹൃദയങ്ങളെയൊക്കെ വേണ്ടപോ–
ലറിയുംസ്നേഹിതനേകനാണുഞാൻ. 26

വതികെന്നരികത്തു നീസുതേ!
തരുവേനെൻഹൃദയം നിനക്കു ഞാൻ.
ഒരുനാളുമിതിൽക്കവിഞ്ഞു മ–
റ്റൊരുസമ്മാനവുമാരുമേകിടാ! 27

# വിശുദ്ധ കുർബ്ബാന.

(ക, നി. മൂ. സ. അപ്രേം പട്ടക്കാരൻ.)



നമ്മുടെ കർത്താവു് പാദപ്രക്ഷാളന കർമ്മത്തിൻറ ശേഷം തൻറ കൈകളിൽ അപ്പം എടുത്തു ആകാശത്തിലേക്കു കണ്ണുകളെ ഉയർത്തിയ ശേഷം സ്തോത്രം ചെയ്തു അതിനെ ആശീർവ്വദിച്ചു മുറിച്ചു ശിഷ്യന്മാർക്കു കൊടുത്തുകൊണ്ടു പറഞ്ഞതായതു് "നിങ്ങൾ വാങ്ങി ഭക്ഷിപ്പിൻ. ഇതു് എൻറ ശരീരമാകുന്നു." ശ്ലീഹന്മാർ തൻറ ശരീരത്തെ കൈക്കൊണ്ടശേഷം ദിവ്യരക്ഷകൻ ദ്രാക്ഷാരസത്തോടുകൂടിയകാസാ എടുത്തു സ്തോത്രം ചെയ്തു ആശീർവ്വദിച്ചു അവർക്കുകൊടുത്തുകൊണ്ടു പറഞ്ഞതായതു്; "നിങ്ങൾ എല്ലാവരും ഇതിൽനിന്നു കുടിപ്പിൻ, എന്തെന്നാൽ ഇതു് എൻറ രക്തം ആകുന്നു. പാപമോചനാർത്ഥം നിങ്ങൾക്കു വേണ്ടിയും, അനേകർക്കുവേണ്ടിയും ചിന്തപ്പെട്ടുവാനിരിക്കുന്ന വിശ്വാസത്തിൻറ രഹസ്യമായി നവമായും നിത്യമായുമുള്ള ഉടമ്പടിയുടെ രക്തമത്രെ ഇതു്. ഇതു് എൻറ സ്മരണയ്ക്കായി നിങ്ങൾ ചെയ്യിൻ" അതായതു് എൻറ കഷ്ടാനുഭവത്തിൻറയും മരണത്തിൻറയും ഓർമ്മക്കായി ലോകാവസാനത്തോളം ഈ ബലിയെ നിങ്ങൾ സമർപ്പിപ്പിൻ. എന്തെന്നാൽ വിശുദ്ധ പൗലോസ് പറയുന്നതായതു്. ഈ അപ്പത്തെ നിങ്ങൾ ഭക്ഷിക്കയും ഈ കാസായെ നിങ്ങൾ കുടിക്കയും ചെയ്യുമ്പോളെല്ലാം തൻറ ആഗമനംവരെ കർത്താവിൻറ മരണത്തെ നിങ്ങൾ ഓർമ്മപ്പെടുത്തുന്നു"

ന. കർത്താവിൻറ പ്രസ്തുതകല്പന അനുസരിച്ചു കത്തോലിക്കാസഭയിൽ ഇന്നു നടത്തപ്പെട്ടുവരുന്നതും തൻറ ആഗമനംവരെ, അതായതു ലോകാവസാനംവരെ, അനുഷ്ഠിക്കപ്പെട്ടുവാനിരിക്കുന്നതുമായ വിശു. കുർബ്ബാന പുതിയ നിയമത്തിലെ ഏകമായതും യഥാർത്ഥമായതുമായ ബലിയാകുന്നു എന്നും ഇതിൽ സത്യമായും യഥാർത്ഥമായും എഴുന്നള്ളിവരുന്ന ഈശോമ്ശിഹായുടെ ശരീരവും ചോരയും ലോകരക്ഷയ്ക്കായി പിതാവായ ദൈവത്തിന്നു ഗാഗുൽത്താമലയിലെപ്പോലെ സമർപ്പിക്കപ്പെടുന്നു എന്നും കത്തോലിക്കാസഭ അഭേദ്യമായും സുസ്ഥിരമായും അന്നും ഇന്നും പഠിപ്പിച്ചുവരുന്നു. വിശ്വാസത്തിൻറ കേന്ദ്ര

തുല്യമായ ഈ സത്യത്തെ റോമൻ കത്തോലിക്കസഭയ്ക്കു പുറമെ ക്രിസ്ത്വാബ്ദം 325-ൽ കത്തോലിക്കാസഭയിൽ നിന്നു പിരിഞ്ഞ ആരിയൻ സഭയും അനന്തരം 431-ൽ കത്തോലിക്കാസഭയിൽ നിന്നു മാറിപ്പോയ ആൾഭേദവാദികളായ നെസ്തോറിയന്മാരും, 451-ൽ കത്തോലിക്കാസഭയുടെ ഐക്യത്തിൽ നിന്നു ഭിന്നിച്ച ഏകസ്വഭാവവാദികളായ ഔതിക്കന്മാരും ഇവരോടു സംബന്ധിക്കുന്നവരായ യാക്കോബായക്കാരും അർമ്മേനിയക്കാരും; 1054-ൽ കത്തോലിക്കാസഭയിൽനിന്നു ബഹിഷ്കരിക്കപ്പെട്ട യവനായ സഭയും ഇന്നാൾവരെയും പ്രസ്തുത കത്തോലിക്കാവിശ്വാസത്തെ പരിപാലിച്ചു വരുന്നു.

കൂടാതെയും 16-ാം ശതകത്തിൽ വിശുദ്ധ കുർബാന ഒരു ബലിയാകുന്നു എന്ന തത്വത്തെ ശക്തിമത്തായി നിഷേധിച്ച പ്രോട്ടസ്റ്റന്റുകാരിൽ ഒരു നല്ല ഭാഗം തങ്ങളുടെ പിതാക്കന്മാരുടെ പ്രവൃത്തി ഏററം അവിവേകമായതും നാശകരമായതും ആയിപ്പോയി എന്നു വിശ്വസിച്ചുകൊണ്ടു കത്തോലിക്കസഭയുടെ ഉപദേശത്തെ സ്വീകരിച്ചു അതിന്റെ ആരാധനക്രമത്തെ അക്ഷരം പ്രതി അനുസരിക്കയും അവരുടെ പിതാക്കന്മാർ ഇടിച്ചുപൊളിച്ചു കളഞ്ഞ ബലിപീഠങ്ങളെ വീണ്ടും പണിയിക്കയും ചെയ്തുവരുന്നതായി നാം കാണുന്നു.

## തിയോസഫിക്കാരുടെ മ്ശിഹാ.

(റവ. ഫാദർ തോമസ് മൂഞ്ഞേലി.)

തിയോസഫി സംഘക്കാരെ നിങ്ങൾക്കു വിശ്വാസമാണെങ്കിൽ ക്രിസ്തു വീണ്ടും ഭൂജാതനായിട്ടുണ്ടു്. ഇപ്പോൾ അദ്ദേഹം അമേരിക്കയിലാണു്. അടുത്തകാലത്തു അത്ഭുതപൂർവ്വമായ വിധം നടന്ന ദിവ്യകാരുണ്യ മഹാ കോൺഗ്രസ്സു മുതൽ ജഗൽപ്രസിദ്ധമായി തീന്നിട്ടുള്ള ചിക്കാഗൊ പട്ടണത്തിൽ അദ്ദേഹം ചെന്നു് അവിടത്തെ ഷെർമൻ ഹോട്ടലിൽ ഏററവും ഉയരത്തിലുള്ള നിലയെ കുറെദിവസം തന്റെ സാന്നിദ്ധ്യംകൊണ്ടു അലങ്കരിക്കയുണ്ടായി. നമ്മുടെ മാതൃഭൂമിയായ ഭാരതത്തിൽ നിന്നാണു് ആനിബസന്റുമദാമ്മയുടെ പുതിയ മ്ശിഹായുടെ ഉത്ഭവമെന്നു അറിയുന്നതു നമുക്കേവക്കും അഭിമാനകരമാണല്ലൊ! ജിദ്ദു കൃഷ്ണമൂത്തി എന്നാണു് അയാളുടെ നാമധേയം. ബാല്യപ്രായംമുതല്ക്കുതന്നെ, അദ്ദേഹം ഒരു വിസ്മയനീയമായ ആളായിരുന്നെന്നാണു് മദാമ്മ പറയുന്നതു്. അദ്ദേഹം ദേവാലയങ്ങളിൽ പണ്ഡിതന്മാരായ വൈദികരോടുകൂടി തക്കവിഷയത്തിനു ഉദ്യമിച്ചിട്ടില്ലെങ്കിലും പന്ത്രണ്ടാമത്തെ വയസ്സിൽ "ഗുരുവിന്റെ പാദങ്ങളിൽ" At the Maste'rs feet എന്ന അഭിധാനത്തിൽ ഒരു ഗ്രന്ഥം രചിച്ചിട്ടുണ്ടെന്നു കാണുന്നു. തിയോസഫി സംഘത്തിന്റെ സവ്വജാതീയ പ്രസിഡെന്റായ കീത്തിപ്പെട്ട മിസ്സിസ് ആനിബെസന്റു് മദാമ്മയാണു് ഈയാളെ കണ്ടുപിടിച്ചതു്. ആനി മദാമ്മ അയാളോടു പറയുന്നതിനു മുമ്പായി നമ്മുടെ കൃഷ്ണമൂത്തിക്കു ഈവക ഭ്രമങ്ങളൊന്നും ഉണ്ടായിരുന്നില്ലാ. ആദ്യം അതിനെ വിശ്വസിക്കുന്നതിനു തന്നെ അയാൾ വിസമ്മതിച്ചു. പല പ്രാവശ്യം മദാമ്മ അതിനെ സംബന്ധിച്ചു അയാളോടു പ്രസ്താവിക്കയും മററുള്ളവർ അയാളെ "ഗുരു" "പണ്ഡിതൻ" എന്നൊക്കെ അഭിവാദ്യം ചെയ്യുകയും ചെയ്കമൂലം അയാളും വല്ലാതെ ഇളകിവശായി. കടശി താൻതന്നെയാണു് പ്രസ്തുത അവതാരമെന്നു വിശ്വസിക്കാ

ൻ നിശ്ചയിച്ചു. തിയോസഫി സംഘക്കാൎക്കു ഇതു ഒട്ടുംതന്നെ പുത്തരിയല്ലാ. ഇയാൾ ക്രിസ്തുവിന്റെ ഏഴാമത്തെ അവതാരാ അഥവാ ലോകഗുരു ആണെന്നാണ് അവരുടെ വാദം. സിദ്ധാൎത്ഥ രാജാവായ ബുദ്ധന്റെ ദേഹത്തിൽ അയാൾ ആവസിച്ചിട്ടുണ്ടത്രെ. എജിപ്തുകാൎക്കു അയാൾ "ടോത്ത്" ആയിട്ടും, പേൎഷ്യൎക്കു "സൊരോസ്റ്റർ" ആയിട്ടും, ചൈനാക്കാൎക്കു "കൊൺഫൂസിയസ്"ആയിട്ടും, ഭാരതീയൎക്കു "കൃഷ്ണനാ"യിട്ടും, യഹൂദൎക്കു നസ്രത്തിലെ "ഏശു" ആയിട്ടും, ഇപ്പോൾ തൃതീയ അവതാരമായി ജഡ്ഡു കൃഷ്ണമൂൎത്തി ആയിട്ടും വന്നിരിക്കയാണെന്നു പറവാൻ അവർ മടിക്കുന്നില്ല. ആരംഭത്തിൽ പലരും മദാമ്മയെ ഓൎത്തു ഈ പുതിയ മ്ശിഹായുടെ പിമ്പേ എത്തിയെങ്കിലും ഇപ്പോൾ ഓരോരുത്തരായിട്ടു പിന്മാറിവരികയാണ്. ഏതായാലും ദൈവപുത്രനായ യഥാൎത്ഥ ക്രിസ്തുവിന്റെ ദീൎഘദൎശനങ്ങൾ നിറവേറിവരുന്നുണ്ട്.

"അപ്പോൾ എല്ലാവരും ക്രിസ്തു ഇവിടെയാകുന്നു; അല്ലെങ്കിൽ, ക്രിസ്തു അവിടെയാകുന്നു എന്നു നിങ്ങളോടു പ്രസംഗിക്കുമ്പോൾ, അതു് വിശ്വസിക്കണ്ടാ" എന്തുകൊണ്ടെന്നാൽ, അസത്യമായ ക്രിസ്തുവും പ്രവാചകന്മാരും ആവിൎഭവിച്ചു തിരഞ്ഞെടുക്കപ്പെട്ടവരെയുംകൂടി വഞ്ചിക്കത്തക്കവണ്ണം വലിയ അടയാളങ്ങളും അതിശങ്ങളും കാണിയ്ക്കും"

## ഇതാണ് നാം അനുകരിക്കേണ്ടതു്.

(ശ്രീമാൻ തോമ്മസ് ചാണ്ടി മുക്കാടൻ.)

ഉഗ്രതരമായ മതപീഡനം ഫ്രാൻസ്സിൽ കളിയാടിയിരുന്ന ഘട്ടത്തിൽ ഒരു ദിവസം ഒരു പട്ടാള ഉദ്യോഗസ്ഥനെ അയാളുടെ മേലധികാരി വിളിച്ചു് തന്റെ കീഴിലുള്ള ജോലിക്കാരിൽ പലരും ഞായറാഴ്ച കുൎബാനകാണരുതെന്നുള്ള രാജനിയമത്തെ ലംഘിക്കുന്നതായി അറിവുകിട്ടിയിരിക്കുന്നതുകൊണ്ടു് കുററക്കാരുടെ പൂൎണ്ണമായ പേരുവിവരം ഉടനെകൊടുക്കണമെന്നാവശ്യപ്പെട്ടു. ഇതിനു യഥാൎത്ഥ കത്തോലിക്കാ മനഃസ്ഥിതിയോടുകൂടിയവനും ധൈൎയ്യശാലിയുമായ ആ യോഗ്യപുരുഷൻ കൊടുത്ത രസകരമായ മറുപടി താഴെക്കാണുംപ്രകാരമായിരുന്നു.

"പ്രഭോ! കുൎബാനസമയത്തു ഓരോരുത്തനും അവനവന്റെ സ്ഥാനക്രമം അനുസരിച്ചുനിൽക്കുന്നതുകൊണ്ടു എല്ലാവരുംഎന്റെപിന്നിലാണു മുട്ടുകുത്തുന്നതു്. അതിനാൽ എനിക്കു അവരെഎല്ലാം കാണ്മാൻകഴിഞ്ഞില്ല"യാതൊരുമതപീഡനമോ, മതാനുഷ്ഠാനത്തിൽ ഇതര സമുദായക്കാരുടെ ഉപദ്രവങ്ങളോ ഇല്ലാത്ത നമ്മുടെ നാട്ടിൽ ഓരോ കാൎയ്യസാദ്ധ്യത്തെ കരുതി 'വെന്തീങ്ങാ' മറക്കയും, കത്തോലിക്കനല്ലെന്നു നടിക്കയും ചെയ്യുന്ന ചപലചിത്തരായ കത്തോലിക്കൎക്കു ഈ ചെറിയ സംഭവത്തിൽ ലീനമായിരിക്കുന്ന ആശയവൈപുല്യവും മതതീക്ഷ്ണതയും അനുകരണയോഗ്യമാണ്.

# പ്രതിദിന ആറു ദിവ്യപൂജ.

(റവ. ഫാദർ ലേപ്പോൾഡ് ടി. ഒ. സി. ഡി.)

പരിശുദ്ധപിതാവിൻെറ അംഗീകരണാശീൎവ്വാദങ്ങളോടുകൂടി റോമ്മയിൽ കസ്ത്രോ പ്രിത്തോറിയിലുള്ള സലേസ്യൻകാരുടെവക തിരുഹൃദയദേവാലയത്തിൽ നവമായി ഒരു സഖ്യം സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഈ സഖ്യത്തിൻെറ അംഗമായി ചേൎന്നു് പേരെഴുതിക്കുകയും ഒരു ഷില്ലിങ്ങ് (ഏകദേശം മുക്കാൽ രൂപാ) പിരിസടക്കുകയും ചെയ്യുന്നവരുടെ നിയോഗപ്രകാരം പ്രതിദിനം ആറു് ദിവ്യപൂജവീതം പ്രസ്തുത ദേവാലയത്തിൽ ശാശ്വതമായി അൎപ്പിക്കുന്നതാണെന്നുള്ളതു ഈ സഖ്യത്തെ സംബന്ധിച്ച ഒരു പ്രത്യേകനിബന്ധനയാണു്.

ജീവിക്കുന്നവരും മരിച്ചവരുമായ സകല സഖ്യാംഗങ്ങൾക്കും ഈ ആറു നിത്യകുർബാനകളുടെ ഫലത്തിനും പുറമേ, സലേസ്യൻസഭാംഗങ്ങളുടെ അനേക സുകൃതകൃത്യങ്ങളുടെ ഫലത്തിലും ഓഹരി ലഭിക്കാവുന്നതാണു്. ഈ ദേവാലയത്തിൽവച്ചു നടത്തിവരുന്ന വിശുദ്ധകുർബാനയുടെ വാഴ്വു്, ജപമാല, നൊവേന, ഇവയെല്ലാം സംഖ്യാംഗങ്ങളായിതീരുന്ന ക്ഷണംമുതൽക്കുതന്നെ ഓരോ അംഗത്തിനും പങ്കുണ്ടായിരിക്കുന്നതാകുന്നു.

ഇററലി, ഇംഗ്ലണ്ടു്, സ്പെയിൻ, ബൽജിയം, ആസ്ത്രിയാ, സ്വിററ്സർലണ്ടു്, അമേരിക്ക, ആഫ്റിക്കാ, ഏഷ്യ എന്നിങ്ങനെ ലോകത്തിൻെറ എല്ലാഭാഗങ്ങളിലും ഇപ്പോൾ സലേഷ്യൻസന്യാസസഭക്കാൎക്കു സ്ഥാപനങ്ങൾ ഉണ്ടെന്നു അറിയുമ്പോൾ ഈ സഖ്യാംഗമായിത്തീരുന്നതു എത്ര ആദായകരമാണെന്നു പറയേണ്ടതില്ലല്ലൊ.

മേല്പറഞ്ഞ ആറു നിത്യകുർബാനകളും മററു സുകൃത പ്രവൃത്തികളും സഖ്യാംഗങ്ങളുടെ ഇഷ്ടംപോലെ തങ്ങൾക്കുവേണ്ടിത്തന്നെയൊ, ജീവിക്കുന്നവരൊ മരിച്ചവരോ ആയ തങ്ങളുടെ ബന്ധുമിത്രാദികൾക്കു വേണ്ടിയോ, കാഴ്ചവെക്കാവുന്നതാകുന്നു.

സഖ്യാംഗങ്ങളിൽ നിന്നു ലഭിക്കുന്ന ധനശേഖരം മേല്പറഞ്ഞ പ്രസ്തുതതിരുഹൃദയദേവാലയത്തോടുചേൎന്നു് അനുഗൃഹീതനായ ഡോൺ ബോസ്കോയാൽ സ്ഥാപിതമായിട്ടുള്ള വിദ്യാലയത്തിൻെറ സംരക്ഷണാൎത്ഥം വിനിയോഗിക്കുന്നതായിരിക്കും. തദനുസരണം മേൽപ്രസ്താവിച്ച പുണ്യകൎമ്മങ്ങളെല്ലാം യഥാകാലം നിറവേററുന്നതിനു് സലേഷ്യൻ സഭക്കാർ തന്നെ ചുമതലപ്പെട്ടിരിക്കുന്നു. അംഗങ്ങളുടെ പേരു സഖ്യത്തിൻെറ റെജിസ്റററിൽ ചേൎത്തു് അവരുടെ നിത്യസ്മാരകമായി റോമ്മായിൽ സൂക്ഷിക്കുന്നതാണു്. റോമ്മയിലേതുകൂടാതെ ടൂറിനിൽകൂടി ഈ സഖ്യത്തിൻെറ ഒരു കേന്ദ്രം സ്ഥാപിച്ചിട്ടുണ്ടു്. ഈ രണ്ടു സ്ഥലങ്ങളിലായിട്ടാണ് അംഗങ്ങൾ ചേൎക്കപ്പെടുന്നതു്.

അതിലേക്കു താഴെച്ചേൎക്കുന്ന ഏതെങ്കിലും മേൽവിലാസത്തിൽ എഴുത്തുകുത്തുകൾ നടത്താവുന്നതാകുന്നു.

To The Rev Rector,
Ospizio del Sacro Cuore
di Gesu,
Via Marsala, 42, Rome,
or,
To The Very Rev. Superior
General,
Salesian Oratory,
Turin, Italy.

## ജ്ഞാനസ്നാനം.

(റവ. ഫാദർ തോമ്മസ്സ് കളം.)

വിശുദ്ധ കത്തോലിക്കാ തിരുസഭയിലേക്കു പ്രവേശിക്കണമെന്നു അഭിലാഷമുള്ള ഏവരും അതിൻെറ കവാടമാകുന്ന ജ്ഞാനസ്നാനം വഴിയായി പ്രവേശിക്കുക അത്യാവശ്യമാകുന്നു. ഈ ക്രൂദാശയിൽ അനുഷ്ഠിക്കുന്നതായ വിവിധ ചടങ്ങുകളിൽ അന്തർലീനമായിരിക്കുന്ന സാരാൎത്ഥങ്ങൾവിശ്വാസികളിൽ പലൎക്കും അജ്ഞാതമായിരിക്കുമെന്നു തോന്നുകയാൽ അവയെപ്പററി ചില വിവരങ്ങൾ പ്രസ്താവിക്കാമെന്നു കരുതുന്നു.

മാമ്മോദീസാ ഒരു ക്രൂദാശയാകുന്നോ? അതെ, എന്തുകൊണ്ടെന്നാൽ ജ്ഞാനസ്നാനം കൈക്കൊള്ളുന്ന ആൾ മ്ശിഹായാൽ സ്ഥാപിതമായ ബാഹ്യലക്ഷണങ്ങൾ വഴിയായി ദൈവവരപ്രസാദത്തെ സ്വീകരിക്കുന്നു.

ഈ ലക്ഷണങ്ങൾ ഏവയാണു്? "ബാവായുടേയും പുത്രൻെറയും റൂഹാദക്കുദശായുടെയും നാമത്തിൽ നിന്നെ ഞാൻ ജ്ഞാനസ്നാനപ്പെടുത്തുന്നു." എന്നീ വാക്കുകളുടെ ഉച്ചാരണവും അതേ സമയത്തുതന്നെ സ്നാനാൎത്ഥിയുടെ ശിരസ്സിന്മേൽ വെള്ളമൊഴിക്കലുമാകുന്നു.

എത്രതരം ജ്ഞാനസ്നാനമുണ്ടു? മൂന്നുതരം. പൂൎണ്ണമായ ദൈവസ്നേഹത്താൽ പ്രേരിതമായ ആഗ്രഹത്തോടും, വെള്ളത്താലുള്ള ജ്ഞാനസ്നാനം കൈക്കൊള്ളുണമെന്നുള്ള വിചാരത്തോടും, ചെയ്തു പാപങ്ങളിന്മേൽ മുഴുവനായ മനസ്താപത്തോടും, ദൈവകല്പനകളെ അനുസരിക്കാമെന്നുള്ള പ്രതിജ്ഞയോടും കൂടിയുള്ള നിശ്ചയത്തെ ആഗ്രഹത്താലുള്ള മാമ്മോദീസാ എന്നും; വെള്ളത്താലുള്ള മാമ്മോദീസാ കൈക്കൊള്ളുന്നതിനു മുമ്പായി സത്യവിശ്വാസത്തെപ്രതി രക്തസാക്ഷിയായി മരിക്കുന്നതിനെ രക്തത്താലുള്ള ജ്ഞാനസ്നാനമെന്നും, സാക്ഷാലുള്ളതും ഇപ്പോൾ നടപ്പിലിരിക്കുന്നതുമായക്രൂദാശ വെള്ളത്താലെയുള്ള മാമ്മോദീസാ എന്നും പറയപ്പെടുന്നു.

ഈ ക്രൂദാശയുടെ ബാഹ്യലക്ഷണങ്ങൾ എന്തിനെ സൂചിപ്പിക്കുന്നു? അഭ്യന്തരമായി ആത്മാവിൽ ഉളവാകുന്ന ഫലങ്ങളേയും ഈ ക്രൂദാശയുടെ നേൎക്കു നമുക്കുണ്ടാകേണ്ട വലുതായ ബഹുമാനത്തെയും കാണിക്കുന്നതിന്നാകുന്നു പുറമേയുള്ള അടയാളങ്ങൾ ഉതകുന്നതു്.

ജ്ഞാനസ്നാനമാതാപിതാക്കൾ വേണമെന്നു നിശ്ചയിച്ചിരിക്കുന്നതു് എന്തിനാണു്? മാമ്മോദീസാ സ്വീകരിച്ചു എന്നുള്ളതിനു സാക്ഷ്യം വഹിക്കുന്നതിന്നായിട്ടും, ശിശുപ്രായത്തിൽ തന്നെ മാതാപിതാക്കന്മാർ പരലോകപ്രാപ്യരാകുന്ന പക്ഷം മതാദ്ധ്യയനവിഷയത്തിൽ അവരുടെ സ്ഥാനം സ്വീകരിക്കുന്നതിനായിട്ടുമത്രെ ജ്ഞാനസ്നാന മാതാപിതാക്കളെ തിരിഞ്ഞെടുക്കുന്നതു്. ഇവരുടെ വിവിധകടമകളെപ്പററി പണ്ഡിതാഗ്രേസരനായ വി. അഗുസ്തിനോസു പ്രസ്താവിച്ചിട്ടുള്ളതു സർവ്വദാ സ്മരണീയമത്രെ.

(തുടരും.)

## സത്യവേദാശ്രമം.

(ശ്രീമാൻ കെ. ഐ. പോൾ.)

"ഞാൻ വഴിയും സത്യവും ജീവനുമാകുന്നു. എന്നിൽ വിശ്വസിക്കുന്നവനു് നിത്യായുസ്സുണ്ടു്" എന്നരുളിച്ചെയ്ത ദിവ്യരക്ഷകൻ "നിങ്ങൾ പോയി

എല്ലാ ജാതികളോടും എൻെറ സുവി
ശേഷത്തെ പ്രസംഗിക്കുവിൻ...... ആ
രു് വിശ്വസിച്ചു് മാമ്മോദീസാ മുങ്ങു
ന്നുവോ അവൻ രക്ഷിക്കപ്പെടും, അല്ലാ
ത്തവൻ ശിക്ഷിക്കപ്പെടും'' എന്നുകൂടി
കല്പിച്ചിട്ടാണല്ലൊ ഇഹലോകവാസം
വെടിഞ്ഞതു്.

ഈ കല്പനയെ നിറവേറ്റുന്നതി
ന്നു് മ്ശിഹായാൽ സ്ഥാപിതമായ ഏ
ക സത്യതിരുസ്സഭ എല്ലാ യുഗങ്ങളിലും
പരിശ്രമിച്ചിട്ടുണ്ടെന്നു ചരിത്രം വി
ളിച്ചുപറയുന്നു. ഈ കാൎയ്യസാദ്ധ്യത്തി
ന്നു ഓരോരുത്തർ തനിച്ചുള്ള ശ്രമത്തേ
ക്കാൾ ഘടനാശക്തിയുള്ള ഒരു സഭയാ
ണല്ലോ കൂടുതൽ ഉപകരിക്കുന്നതു്. അ
തിനാലത്രെ കത്തോലിക്കാ തിരുസഭ
വേദപ്രചാരണ സംഘങ്ങൾ വഴിയാ
യി സത്യവേദത്തെ സകലജാതികളു
ടെയിടയിലും പരത്തുന്നതിന്നു ശ്രമി
ച്ചുവരുന്നതു്.

ചേൎത്തല പട്ടണത്തിൽനിന്നു ഒ
ന്നരനാഴിക വടക്കുവശം സ്ഥിതിചെ
യ്യുന്ന ഉഴുവ പള്ളിക്കു സമീപം റവ.
ഡോക്ടർ ജോസഫ് സി. പഞ്ഞിക്കാര
ൻ എം. എം., പി. എച്ച്. ഡി., ഡി.
ഡി., ഡി. സി. എൽ. അവർകൾ സത്യ
വേദാശ്രമം എന്നപേരോടുകൂടെ ആരംഭി
ച്ചിരിക്കുന്ന സ്ഥാപനം ഈഴവസഹോദര
ങ്ങളുടെയിടയിൽ സത്യവേദം പരത്തു
ന്നതിന്നു സൎവ്വദാ ഉദ്യമിക്കുന്നു. ഈഴ
വരിൽ പലരും ഹിന്തുമതത്തിൽ വി
ശ്വാസമില്ലാതെയായി ക്രിസ്തുമതത്തി
ലാണൊ ബുദ്ധമതത്തിലാണൊ തങ്ങൾ
അഭയം പ്രാപിക്കേണ്ടതെന്നു് ഗാഢമാ
യി ആലോചിച്ചുവരുന്ന ഒരു കാലഘ
ട്ടമാണിതു്. അതിനാൽ കത്തോലിക്കാ
മതമാണു് അവൎക്കു ഏകരക്ഷാമാൎഗ്ഗം എ
ന്നു മനസ്സിലാക്കാനാണു് ആശ്രമം സ്ഥാ
പിക്കപ്പെട്ടിരിക്കുന്നതു്.

ഈ ആശ്രമത്തിൻെറ പരിസ
രപ്രദേശങ്ങളിലായി സംഖ്യാബലവും
സാമ്പത്തിക ശക്തിയുമുള്ളതായ രണ്ടാ
യിരത്തിൽപ്പരം ഈഴവകുടുംബങ്ങൾ
നിവസിക്കുന്നുണ്ടു്. മതസംബന്ധ
മായ ഉപദേശങ്ങൾ കൊടുക്കുന്നതിന്നും,
സംശയങ്ങൾ തീൎക്കുന്നതിന്നും, മനക്ക
ലക്കങ്ങൾക്കു നിവാരണം വരുത്തുന്നതി
ന്നും ബ. അച്ചൻ സൎവ്വദാ സന്നദ്ധനാ
ണു്. ഇക്കാൎയ്യത്തിന്നായി വിദൂര സ്ഥ
ലങ്ങളിൽനിന്നും വരുന്ന ആളുകൾക്കു
രാത്രിയിൽ താമസിക്കുന്നതിന്നും അവ
ൎക്കു ഭക്ഷണം കൊടുക്കുന്നതിന്നുംകൂടി
ആശ്രമത്തിൽനിന്നു വേണ്ട ഏൎപ്പാടുക
ൾ ചെയ്തിട്ടുണ്ടു്. കത്തോലിക്കാമതമാ
ണു് സത്യമെന്നു ബോദ്ധ്യപ്പെട്ടു് അതി
ലേക്കു ചേരണമെന്നു് വിചാരിക്കുന്ന
വരെ വേദതത്വങ്ങൾ പഠിപ്പിക്കുവാ
നും അതിനു വേണ്ടിവരുന്ന ചെലവുക
ൾവഹിപ്പാനും ആശ്രമം ഒരുക്കമാണു്.

ആശ്രമം വകയായി ഒരു പുസ്തക
ശാലയും ഒരു വായനശാലയുമുണ്ടു്. പു
സ്തകങ്ങൾ, ലഘുലേഖകൾ, പത്രങ്ങൾ
മുതലായവ പുറത്തേയ്ക്കും ധാരാളം കൊ
ടുക്കുന്നുണ്ടു്. പല ഈഴവ സഹോദര
രും ഇവിടെ വന്നു വായിക്കുകയും ചെ
യ്യുന്നുണ്ടു്.

കേരളീയ കത്തോലിക്കരുടെ സ
ഹായ സഹകരണങ്ങൾ ഈ നവീന
ഉദ്യമത്തിൽ ഉണ്ടാകുമെന്നു പ്രതീക്ഷി
ക്കാം.

## ഇംഗ്ലണ്ടിലെ മാനസാന്തര വേല.

(സത്യനാഥ.).

ലണ്ടനിലെ ക്വീൻസ് ഹാളിൽ
വെച്ചു, കത്തോലിക്കരുടെ ഒരു മഹാ
ജനയോഗം, ഈയിടെ കൂടുകയുണ്ടായി.
കത്തോലിക്കാ മിഷ്യനറി സൊസൈ
റ്റി, എവിഡൻസ് ഗിൽഡ് മുതലാ
യ ഇംഗ്ലണ്ടിലെ ശ്രുതിപ്പെട്ട മൂന്നുസം
ഘങ്ങൾ ഒന്നുചേൎന്നു നടത്തിയ ആ മ
ഹൽസമ്മേളനത്തിൻെറ ആലോചന
യ്ക്കു വിഷയീഭവിച്ച പ്രധാനസംഗതി
ഇംഗ്ലണ്ടിൻെറ മാനസാന്തരമായിരുന്നു.
അതെ, ഒരിക്കൽ ഒരു കത്തോലിക്കരാ
ജ്യമായിരുന്ന ഇംഗ്ലണ്ടിനെ വീണ്ടും ആ

വളുടെ പിതാക്കന്മാരുടെ വിശ്വാസത്തിലേക്കു— കത്തോലിക്കമതത്തിൻെറ രക്ഷാകരമായ പ്രകാശത്തിലേക്കു— തിരിച്ചുകൊണ്ടുവരുവാനുള്ള മാൎഗ്ഗങ്ങളെപ്പററി ചിന്തിക്കുകയായിരുന്നു. പ്രസ്തുത യോഗത്തിൻെറ പ്രഥമോദ്ദേശ്യം. കൎദ്ദിനാൾബോൺ തിരുമനസ്സുകൊണ്ടും ഡോക്ടർ ഗ്രഡിയർ ഉൾപ്പെടെ മെത്രാപ്പോലീത്താമാരും മെത്രാന്മാരുമായി പത്തു വൈദികാദ്ധ്യക്ഷന്മാരും, ഒട്ടസംഖ്യം കത്തോലിക്ക പൌരപ്രധാനന്മാരും സംബന്ധിച്ചിരുന്ന ആ യോഗത്തിൻെറ നടപടികളിൽനിന്നു നമുക്കു പല പാഠങ്ങളും പഠിക്കുവാനുണ്ടു്. മതപ്രചാരണവിഷയത്തിൽ അയ്മേനികൾ വളരെയൊക്കെ ചെയ്യേണ്ടതുണ്ടെന്നും, അവൎക്കു വളരെയൊക്കെ ചെയ്യാൻ കഴിയുമെന്നും എത്രതന്നെ പറഞ്ഞാലും നമ്മുടെ ആളുകൾ അതൊന്നും വേണ്ടവിധം മനസ്സിലാക്കുന്നില്ല. വേദപ്രചാരം വൈദികന്മാരുടേയോ, മിഷ്യനറിസംഘങ്ങളുടേയോ മാത്രം വേലയാണെന്നും തങ്ങൾ അക്കാൎയ്യത്തിൽ യാതൊന്നും ചെയ്യേണ്ടതില്ലെന്നുമാണ് നമ്മുടെ അയ്മേനികളിൽ പലരുടേയും ധാരണ. നാശകരമായ ഈ തെററിദ്ധാരണയെ നീക്കുന്നതിന്നുപൎയ്യാപ്തമായ ഒരു പാഠമാണു പ്രസ്തുത യോഗത്തിൻെറ നടപടികളിൽനിന്നു പ്രധാനമായി ചൂണ്ടിക്കാണിക്കാനുള്ളതു്. ഇംഗ്ലണ്ടിൻെറ മാനസാന്തരത്തിന്നുവേണ്ടി പ്രയത്നിക്കുവാൻ അയ്മേനികളായ പുരുഷന്മാരും സ്ത്രീകളും ഉററു പ്രയത്നിക്കണമെന്നു ആ യോഗത്തിൽവെച്ചു നിശ്ചയിക്കുകയും, അക്കാൎയ്യത്തിന്നുവേണ്ടി അയ്മേനികളുടെ അപ്പോസ്തലസംഘം (Apostolic League) എന്നൊരു പ്രത്യേകസംഘം സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. മിഷ്യനറി സൊസൈററിയുടെ റക്ടരായ ഫാദർഹെർബർട്ടുവോഗൻ, മതപ്രചരണവിഷയത്തിൽ അയ്മേനികൾക്കുള്ള കടമകളെപ്പററി ശക്തിമത്തായ ഒരു പ്രസംഗം ചെയ്യുകയുണ്ടായി. അദ്ദേഹം ആ പ്രസംഗത്തെ ഉപസംഹരിച്ചതു താഴെചേർക്കുന്ന വാക്കുകളിലാണ്:— ‘ഇംഗ്ലണ്ടിൻെറ മാനസാന്തരം നിങ്ങളുടെ (അയ്മേനികളുടെ) കരങ്ങളിലാണു സ്ഥിതിചെയ്യുന്നതെന്നു ഞാൻ സമസ്ത ശക്തികളോടുംകൂടെ പറയുന്നു. ഓരോ പുരുഷനും, ഓരോ സ്ത്രീയും, ഓരോ അപ്പോസ്തലന്മാരായിത്തീരുന്ന കാലത്തു മാത്രമെ ഇംഗ്ലണ്ടിൻെറ മാനസാന്തരം സാധിക്കുകയുള്ളു.” ഈ വാക്കുകൾ, ഇന്ത്യയിലെ കത്തോലിക്കരും പ്രത്യേകം ശ്രദ്ധിക്കേണ്ടവയാണ്. ഇന്ത്യയിലെ അകത്തോലിക്കരുടേയും അക്രൈസ്തവരുടേയും പെരുപ്പവും കത്തോലിക്കവൈദികന്മാരുടെ ചുരുക്കവും മററും ആലോചിച്ചാൽ, ഫാദർ വോഗൻ അവർകൾ ഇംഗ്ലണ്ടിലെ കത്തോലിക്കരോടു പറഞ്ഞ ഈ വാക്കുകൾ ഇന്ത്യയിലെ കത്തോലിക്കരോടു കൂടുതൽ ശക്തിയിൽ പറയേണ്ടിയിരിക്കുന്നു. ഇന്ത്യയുടെ മാനസാന്തരം, ഇന്ത്യയിലെ അയ്മേനികളായ സ്ത്രീപുരുഷന്മാർ മതപ്രചാരാൎത്ഥം അപ്പോസ്തലവൃത്തി സ്വീകരിക്കുന്ന കാലത്തെ തൃപ്തികരമായി സാധിക്കൂ എന്നു പറയാൻ മടിക്കേണ്ടതില്ല. ഇന്ത്യയിൽ വൈദികന്മാരുടെ സംഖ്യയാണെങ്കിൽ, ഉള്ള കത്തോലിക്കരുടെ തന്നെ കാൎയ്യങ്ങൾ നടത്താൻ മതിയാവാതെയാണിരിക്കുന്നതു്. മാനസാന്തരപ്പെടേണ്ട അകത്തോലിക്കരുടെഎണ്ണമോ, ഇംഗ്ലണ്ടിലേതിനേക്കാൾ വളരെ കൂടുതലുമാണു്. അതിനാൽ ഇംഗ്ലണ്ടിലെ സ്ത്രീകളും പുരുഷന്മാരും മതപ്രചാരണത്തിനായി ചെയ്യുവാൻ വിചാരിക്കുന്ന വേലയെ, നമ്മുടെ സ്ത്രീകളും പുരുഷന്മാരും കൂടുതൽ ശുഷ്കാന്തിയോടുകൂടെ അനുകരിക്കേണ്ടിയിരിക്കുന്നു. വിശ്വാസമാകുന്ന വിലതീരാത്ത രത്നത്തെ സംവഹിക്കുന്ന കത്തോലിക്ക സ്ത്രീപുരുഷന്മാർ മതപ്രചരണ വിഷയത്തിൽ വൈദികന്മാരോടു ചുമലോടു ചുമൽ ചേൎത്തു നിന്നു വേലചെയ്യണമെന്നാണു ഫാദർ വോഗൻ ആവശ്യപ്പെടുന്നതു്. പ്രസ്തുത യോഗത്തിലെ വേറൊരു പ്രസംഗകനായിരുന്ന ഹററ്സഅലൻപ്രഭു പ്രസ്താവിച്ചതുപോലെ, അയ്മേനികൾക്കു മതപ്രചാരവേലയെ പലവിധത്തിൽ സഹായിക്കാൻ കഴിയും. അദ്ദേഹത്തി

ന്റെ പ്രസംഗത്തിലെ ഒരു ഘട്ടം ഏതാണ്ടു ഇപ്രകാരമായിരുന്നു:— "നാമെല്ലാവരും കർദ്ദിനാൾ ന്യൂമാന്മാരല്ലെങ്കിലും, നമുക്കെല്ലാവക്കും മതപ്രചാരണവിഷയത്തിൽ ചില കൈത്തുണകൾ ചിലെടത്തൊക്കെ നൾകാൻ കഴിയും. നമുക്കു പ്രസംഗിക്കാൻ കഴിവില്ലെങ്കിൽ, നമുക്കു നമ്മുടെ മതത്തെപ്പറ്റി പഠിക്കാൻ നിശ്ചയമായും സാധിക്കും. വേദപാഠം വീണ്ടും പഠിക്കാനുള്ള ക്ലേശം സഹിക്കാൻ നമുക്കു കഴിയും. കത്തോലിക്കാ സത്യസംഘത്തിന്റെ പ്രസിദ്ധീകരണങ്ങൾ വാങ്ങുന്നതിനുവേണ്ടി അപ്പഴപ്പോൾ കുറെ ചെമ്പുകാശു ചെലവാക്കാനും നമുക്കു സാധിക്കും. വിശ്വാസത്തെപ്പറ്റി തക്കം ഉണ്ടായാൽ ഉടനടി മറുപടി പറയാൻവേണ്ടി നമ്മളെത്തന്നെ ശിക്ഷണം ചെയ്യാനും നമുക്കു കഴിയായ്കയില്ല. നമ്മുടെ പ്രൊട്ടസ്റ്റാണ്ടു സ്നേഹിതന്മാരെ കത്തോലിക്കാ മതപ്രബോധകന്മാരുടെ അടുക്കൽ കൂട്ടിക്കൊണ്ടുപോകാനും നമുക്കു സാധിക്കുന്നതാണ്." ഇങ്ങനെ മേല്പറഞ്ഞ പ്രഭു എണ്ണിയെണ്ണിപ്പറയുന്ന സംഗതികളെല്ലാം ഇംഗ്ലണ്ടിലെ കത്തോലിക്കർക്കുമാത്രമല്ല, ഇന്ത്യയിലെ കത്തോലിക്കർക്കും ചെയ്യാൻ കഴിയുന്നവയാണെന്നു എടുത്തു പറയേണ്ടതില്ലല്ലോ. കത്തോലിക്കമതത്തെപ്പറ്റി താർക്കികമായ ജ്ഞാനം സമ്പാദിക്കുക, നമ്മുടെ വിശ്വാസത്തെപ്പറ്റി അകത്തോലിക്കരോടു സംസാരിക്കാൻ സന്ദർഭം കിട്ടുമ്പോഴൊക്കെ ധീരമായും യുക്തമായും സംസാരിക്കുക, കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ പണംകൊടുത്തുവാങ്ങി അവയെ സഹായിക്കുക, മതസംബന്ധമായ അന്വേഷണത്തിലും സംശയത്തിലും ഇരിക്കുന്ന അകത്തോലിക്കാ സഹോദരങ്ങളെയും, അക്രൈസ്തവ സഹോദരങ്ങളെയും, വൈദികരോ അയ്മേനികളോ ആയി കത്തോലിക്കാ മതസാഹിത്യത്തിൽ നല്ല വ്യുല്പത്തിയുള്ളവരുമായി പരിചയപ്പെടുത്തിക്കൊടുക്കുക മുതലായ എന്തെല്ലാം സംഗതികൾ മതപ്രചാരണാർത്ഥം ചെയ്യാൻ നമ്മുടെ അയ്മേനികൾക്കു സാധിക്കും. പക്ഷെ, ഇതിലെല്ലാം നമ്മുടെ ആളുകളിൽ എത്രപേർക്കു ജാഗ്രതയുണ്ടു്? മിക്കപേരും, കത്തോലിക്കരെന്ന നിലയിൽ, മതപ്രചാരണവിഷയത്തിൽ തങ്ങൾക്കുള്ള ചുമതലകളെ അറിയുന്നില്ല; അറിഞ്ഞാൽതന്നെയും അനുവത്തിക്കുന്നില്ല. ഞങ്ങൾ മുമ്പു പറഞ്ഞതുപോലെ മതപ്രചാരവേല മുഴുവനും വൈദികരുടെ മാത്രം വേലയാണെന്നാണു അവർ കരുതിയിരിക്കുന്നതു്. സത്യവിശ്വാസമാകുന്ന വിലയേറിയ രത്നത്തെ വഹിക്കുന്ന ഓരോ കത്തോലിക്കനും, തന്റെ ആ ഭാഗ്യത്തിൽ മറ്റുള്ളവരെ കൂടി ഓഹരിക്കാരാക്കുവാനുള്ള കടമയുണ്ടെന്നു എത്രതന്നെ ശക്തിയിൽ പറഞ്ഞാലും അധികമാകുന്നതല്ല. ഇംഗ്ലണ്ടിലെ കത്തോലിക്കരെ അനുകരിച്ചു നമ്മുടെ അയ്മേനികൾ മതപ്രചാരണവിഷയത്തിൽ കൂടുതൽ ഉണർവ്വു കാണിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. ആ ഉണർവ്വും ഉത്സാഹവും വേണ്ടിടത്തോളം ഉണ്ടാകുന്ന കാലത്തു മാത്രമേ ഇന്ത്യയുടെ മാനസാന്തരം സാധിക്കുകയുള്ളു.

## തിരുഹൃദയ ഭക്തന്മാർ ഫൻവ മിഥുനമാസത്തിൽ വെച്ചുകണ്ടപൊതുനിയോഗം.

### തിരുഹൃദയ ഭക്തിപ്രചാരം.

മനുഷ്യഹൃദയം സ്നേഹത്തിന്റെ ആസ്ഥാനമാകുന്നു. ആ സ്നേഹമാണു് മനുഷ്യനെ നയിച്ചുകൊണ്ടുപോകുന്നതു്. ദൈവസ്നേഹം ഒരു ഹൃദയത്തിൽ പൂർണ്ണമായി സ്ഥലം പിടിച്ചിരുന്നാൽ സ്വർഗ്ഗീയമായ കാര്യങ്ങളിൽ അതു് സദാ

പ്രവൎത്തിച്ചുകൊണ്ടിരിക്കും. ലൌകികസ്നേഹത്താൽ പൂരിതയായിരിക്കുന്ന ആത്മാവാകട്ടെ ഒന്നിനൊന്നു ദൈവത്തിൽനിന്നകന്നു് കടശി ലോകമായങ്ങളിൽ മുഴുകിപ്പോകുന്നു. "നിൻെറ ദൈവമായ കൎത്താവിനെ പരിപൂൎണ്ണഹൃദയത്തോടും പൂൎണ്ണമായ ആത്മാവോടും മുഴുവനായ ശക്തിയോടുംകൂടെ സ്നേഹിക്കണം" എന്നുള്ള സൎവ്വപ്രധാനമായ പ്രമാണം ആൎക്കും ഒഴിച്ചുകൂടാത്തതാകയാൽ ലൌകികസ്നേഹങ്ങളെ ഹൃദയത്തിൽനിന്നു കഴിയുന്നത്ര പരിപൂൎണ്ണമായി ബഹിഷ്കരിച്ച് ദൈവസ്നേഹത്താൽ അതിനെ സംപുഷ്ടമാക്കുന്നതിനുള്ള ചുമതല എല്ലാവൎക്കും ഉണ്ടായിരിക്കുന്നു. ഇതിലേക്കു സൎവ്വോപരി പൎയ്യാപ്തമായ ഒരു ഭക്താഭ്യാസമാകുന്നു തിരുഹൃദയഭക്തി. ദൈവസ്നേഹാഗ്നിയുടെ ഭണ്ഡാരമായിരിക്കുന്ന ആ ദിവ്യഹൃദയത്തിൽനിന്നു് സ്നേഹാഗ്നിജ്വാലകളെ മനുഷ്യഹൃദയങ്ങളിലേക്കു ചിന്തുന്നതിനു ദിവ്യരക്ഷകൻതന്നെ കണ്ടെത്തി ഉപദേശിച്ചിരിക്കുന്ന ഒരു ഭക്തിയാകുന്നു ഇതെന്നറിയുമ്പോൾ അതിൽ അഭ്യസിക്കുന്നതിനും അതിനെ പ്രചരിപ്പിക്കുന്നതിനും നാം എത്രയോ ജാഗരൂകരാകേണ്ടതാകുന്നു? മനുഷ്യവൎഗ്ഗം വിശ്വാസത്തിൽ മന്ദീഭവിച്ചുപോകുന്ന ഈ അവസാനകാലങ്ങളിലേക്കായി ദിവ്യബോധജ്ഞാനം അളവററ സ്നേഹത്താൽ നിൎദ്ദേശിച്ചിരിക്കുന്ന ഈ മാൎഗ്ഗത്തെ വേണ്ടപോലെ ഉപയോഗിക്ക എന്നതിനേക്കാൾ ഫലപ്രാപ്തമായ ഒരു പ്രത്യൌഷധം ഇന്നു ലോകത്തെ ബാധിച്ചിരിക്കുന്ന ആത്മീയ വ്യാധികൾക്കു പ്രതിവിധിയായി കണ്ടെത്താൻ സാധിക്കുന്നതല്ല. ദൈവത്തിൻെറ അനന്ത സ്നേഹത്തിനു പ്രതിസ്നേഹം കാണിക്കണം, ദൈവത്തോടു കാണിക്കുന്ന നന്ദിഹീനതകൾക്കു പരിഹാരം ചെയ്യണം, പാപത്തിൽനിന്നു മനുഷ്യരേ അകററണം, ദൈവത്തിലേക്കു മനുഷ്യരേ ആകൎഷിക്കണം. ഇതാണു് തിരുഹൃദയഭക്തന്മാർ ചെയ്യേണ്ടതു്. ഇതാണു് ഇന്നു ലോകത്തിനു ഒഴിച്ചുകൂടാത്ത ആവശ്യമായിത്തീൎന്നിരിക്കുന്നതു്. ഇതിനായി എല്ലാവരും ഈ മാസത്തിൽ പ്രത്യേകം പ്രാൎത്ഥിക്കണമെന്നു് പരിശുദ്ധപിതാവു് ആഗ്രഹിക്കുന്നു.

ജൂലൈമാസം— "അവിശ്വാസികളുടെ മാനസാന്തരം"

## കൎമ്മലനാഥയുടെ കുഞ്ഞുമക്കൾക്കു്.

### 1. വി. ലൂയീസ് ഗൊൺസാഗാ.

### 7. പുണ്യവാനാകണം.

പ്രി. കുഞ്ഞുങ്ങളേ,

ആദ്യകുർബാന കൈക്കൊള്ളപ്പാട്ട കഴിഞ്ഞശേഷം, പുണ്യവാനാകുന്നതിനുള്ള ലൂയീസിൻെറ ശ്രമങ്ങൾ അനേകമടങ്ങുവൎദ്ധിച്ചു. പ്രാൎത്ഥനയും പ്രായശ്ചിത്തവുമാണു് മനുഷ്യരേ പുണ്യവാന്മാരാക്കിത്തീൎക്കുന്നതെന്നു പുണ്യബാലൻ നല്ലപോലെ ഗ്രഹിച്ചിരുന്നതിനാൽ അവയിലാണു് തൻെറ ശ്രദ്ധ പതിച്ചതു്. ഇന്ദ്രിയനിഗ്രഹത്തിൽ പ്രതിദിനം അഭിവൃദ്ധിപ്രാപിച്ചു. അനാവശ്യനോട്ടങ്ങളിൽനിന്നെല്ലാം കണ്ണുകളെ ഭദ്രമായി സൂക്ഷിച്ചു. അനാവശ്യമെന്നല്ല, അത്യാവശ്യമില്ലാത്ത സംസാരങ്ങളിൽനിന്നെല്ലാം നാവിനെ നിയന്ത്രിച്ചു. മൃദുവായ ആ നിൎമ്മല ശരീരത്തെ പാടായവിധത്തിലെല്ലാം പീഡിപ്പിച്ചു. ഭൃത്യന്മാർ നേൎമ്മയായ മെത്തകൾ വിരിച്ചു തയാറാക്കിപ്പോയിക്കഴിയുമ്പോൾ അതിനടിയിൽ കല്ലുകളും മരക്കഷണങ്ങളും എടുത്തിട്ടശേഷമാണു് നമ്മുടെ ബാലൻ നിദ്ര ചെയ്തിരുന്നതു്. ഒരു രോമച്ചട്ട കിട്ടുന്നതിനു ശ്രമിച്ചിട്ടുസാധി

ക്കാതെ ചില കൂർത്ത ആണികളും കമ്പികളും കൊണ്ടു ഒരു മുള്ളരഞ്ഞാണം ഉണ്ടാക്കി ദേഹത്തു ധരിച്ചിരുന്നു. ദിവസേന രാവിലെ ഒരു മണിക്കൂർ ധ്യാനം കഴിച്ചശേഷം ദേവാലയത്തിലെത്തി പാട്ടുള്ളടത്തോളം ദിവ്യപൂജകൾക്കു സഹായിക്കയോ, അവ കാണുകയോ ചെയ്തിരുന്നു. തിരികെ വന്നാലും സ്വന്ത മുറിയിൽ പഠിനത്തിലോ ജ്ഞാനവായനയിലോ പ്രാർത്ഥനയിലോ ചെലവഴിക്കയല്ലാതെ കളിവിനോദങ്ങളിലേർപ്പെട്ടു അങ്ങുമിങ്ങും ചുറ്റി നടക്കുന്നതു ലൂയീസിനു വലിയ സങ്കടമായിരുന്നു. ഇനിയും പന്ത്രണ്ടുവയസ്സായിട്ടില്ലാത്ത ഒരു രാജകുമാരന്റെ ഈ തരത്തിലുള്ള ജീവിതരീതികൾ കണ്ടവരേയെല്ലാം അത്ഭുതപരവശരാക്കി. മാതാവായ ഡോനമാർത്താ ഇതുകണ്ടു സന്തോഷിച്ചു. എങ്കിലും പിതാവായ ഫെർഡിനാണ്ടിനു ഈ ചേഷ്ടകളൊന്നും ഒട്ടുംതന്നെ രസിച്ചില്ല. പ്രിയകുഞ്ഞുങ്ങളേ! രാജാരമനയിൽ ജീവിച്ച ഒരു നിർമ്മല മാടപ്രാവിന്റെ പടമാണു മുകളിൽ കണ്ടതു. നിങ്ങളുടേതുമായി അതിനെ താരതമ്യപ്പെടുത്തി നോക്കുക. കണ്ണിനെ എങ്ങിനെ സൂക്ഷിക്കുന്നു? നാവിനേ എങ്ങിനെ നിയന്ത്രിക്കുന്നു? ഈ വഴിക്കു ശത്രു അകത്തുകടക്കുന്നില്ലയോ? പ്രതിദിനജപങ്ങൾ ഏതുവിധ ശ്രദ്ധയോടെ കഴിക്കുന്നു? ആലോചിച്ചുനോക്കി തെറ്റുകൾ തിരുത്തുക. വി. ലൂയീസിന്റെ സഹായം അപേക്ഷിക്കുക.

## II. ഈ മാസത്തെ മദ്ധ്യസ്ഥൻ- വി. ലൂയിസ് ഗൊൺസാഗാ.

(തിരുനാൾ ജൂൺ 21 ചൊവ്വാ)



മാലാഖസ്ക്കൂട്ടത്ത വി. ലൂയീസാണ് ഈ മാസത്തെ നമ്മുടെ മദ്ധ്യസ്ഥൻ. പുണ്യവാന്റെ ചരിത്രത്തെപ്പറ്റി തുടർച്ചയായി നാം പ്രസ്താവിച്ചു വരുന്നതിനാൽ ഇവിടെ അധികം പറയണമെന്നില്ല. ചെറുപ്പംമുതൽ ദൈവജനനിയുടെ ഒരു വിശേഷസ്ഥ പുത്രനായിരുന്നു. പത്തു വയസ്സിൽ കന്യാവ്രതം പരിശുദ്ധ അമ്മക്കു കാഴ്ചകൊടുത്തു. പാപത്തെക്കാൾ മരണമെന്നു പുണ്യവാൻ പറഞ്ഞുവന്നിരുന്നില്ലെങ്കിലും യഥാർത്ഥത്തിൽ ഈ പരിശുദ്ധ ബാലന്റെ ജീവിതക്രമം അതായിരുന്നു. പാപകാരണമായ സംസാരങ്ങൾ കേട്ടാൽ ബോധക്ഷയം വരത്തക്കവണ്ണം പാപത്തെ അത്രയ്ക്കു വെറുത്തിരുന്നു. മാമ്മോദീസായിൽ കിട്ടിയ വരപ്രസാദത്തെ ഒരിക്കലും പാപത്താൽ നഷ്ടപ്പെടുത്തിയില്ല. അനേകയുദ്ധങ്ങളെ ജയിച്ചു ഈശോസഭയിൽ പ്രവേശിക്കയും, 23-ാമത്തെ വയസ്സിൽ സുകൃതപരിപൂർണ്ണനായി മരിക്കയുമാണു ചെയ്തതു്. എത്ര യുവാക്കന്മാർ ഈ പരിശുദ്ധന്റെ മാതൃകയാൽ പുണ്യവഴിയിൽ പ്രവേശിച്ചിരിക്കുന്നു എന്നതിനു കണക്കില്ല. വി. ലൂയീസേ! പാപത്താൽ ദൈവേഷ്ടപ്രസാദം നഷ്ടമാക്കുന്നതിനു മുമ്പു മരിപ്പാൻ മനോഗുണം തരുവിക്കണമെ.

## III. കെ. സി. സി. ഏ. ഡയറി.

വാർഷിക സമ്മേളനം കഴിഞ്ഞു ഒരു പുതിയ വത്സരത്തിലേക്കു നാം പ്രവേശിച്ചിരിക്കുന്നു. വാർഷിക സമ്മേളനത്തോടുകൂടെ കുഞ്ഞുമക്കൾക്കു എല്ലായിടത്തും ഒരു നവമായ ഉണർച്ച ഉണ്ടായിട്ടുമുണ്ട്. ഈ ഉണർച്ചയ്ക്കു തക്കവണ്ണമുള്ള പ്രവൃത്തികൾ നാം ചെയ്യേണ്ടിയിരിക്കുന്നു.

അടുത്ത ഒരു കൊല്ലത്തേക്കു ഒരു പ്രധാന സംഗതിയിലേക്കാണ് നമ്മുടെ ശ്രദ്ധ മുഴുവൻ പതിക്കാൻ നിശ്ചയിച്ചിരിക്കുന്നതു്. നമ്മുടെ എല്ലാ ഇടവകകളിലും കുഞ്ഞുമക്കളുടെ വകയായി ഓരോ കെ. സി. സി. ഏ. ഡിപ്പോ ഉണ്ടാകണം. പുസ്തകങ്ങൾ, കൊന്ത, കാശുരൂപം, കൊത്തുരൂപം ആദി

യായി അതാതു സ്ഥലത്തേയ്ക്കു ആവശ്യമുള്ള ഭക്തസാമാനങ്ങൾ ഈ ഡിപ്പോകൾ വഴിയായി കൊടുക്കുന്നതിനുള്ള ഏർപ്പാടുകളാണു് നാം ചെയ്യേണ്ടതു്. ആണ്ടുതോറും ഈ ഇനത്തിൽ വലിയ ഒരു തുക നമ്മുടെ ജനങ്ങൾ ചെലവാക്കുന്നുണ്ടു്. അതു ഈ വിധത്തിൽ ഒന്നു ക്രമീകരിച്ചു കൊണ്ടുവരുന്നതായാൽ നമ്മുടെ ചെറുപ്പക്കാർക്കു സാമുദായികമായ ശ്രമത്തിനു ഒരു നല്ല മാർഗ്ഗമായിരിക്കും.

* * *

അതിനായി ഓരോ ഇടവകയിലുമുള്ള സെക്രട്ടറിമാർ എല്ലാവരും ചേർന്നു തങ്ങളിൽനിന്നു യോഗ്യനായ ഒരാളെ ഒരു ജനറൽ സെക്രട്ടറിയായിട്ടു തിരിഞ്ഞെടുക്കണം. ബ. രക്ഷാധികാരികളുടെ സഹായത്തോടുകൂടെ കെ. സി. സി. ഏ. ഡിപ്പോകൾ സ്ഥാപിച്ചു നടത്തുന്നതിനുള്ള എല്ലാ ശ്രമങ്ങളും ചെയ്യുകയായിരിക്കും ഈ സെക്രട്ടറിയുടെ ഒരു കൊല്ലത്തെ പ്രധാന ചുമതല.

* * *

ബാലികാസംഘങ്ങളും ബാലസംഘങ്ങളും ഒരിടവകയിൽ എത്രയുണ്ടായിരുന്നാലും ഇവരെല്ലാവരും ഏകോപിച്ചു ഒരു ഡിപ്പോമാത്രം ഒരിടവകയിൽ നടത്തേണ്ടതാകുന്നു. ബ. രക്ഷാധികാരിയുടെ അംഗീകരണത്തോടുകൂടെ പള്ളിമുറിയിൽതന്നെ സൌകര്യമുള്ള ഒരു സ്ഥലത്തു ഒരു ചെറിയ അൽമാരിയൊ പെട്ടിയോ വച്ചുകൊണ്ടു അവിടെ ഡിപ്പോ സ്ഥാപിക്കയും, മാസംതോറുമുള്ള ആദായം സംഘാംഗങ്ങൾക്കു തുല്യമായി വിഭാഗിച്ചുകൊടുക്കയും ചെയ്യേണ്ടതാണു്.

* * *

ആളൊന്നുക്കു ചുരുങ്ങിയാൽ അരരൂപാവീതം എടുത്തു ആരംഭത്തിൽ ഒരു തുകയുണ്ടാക്കണം. അതിനു ആറുരൂപായ്ക്കു ഏഴരരൂപായുടെ സാമാനങ്ങൾവച്ചു, നിങ്ങൾക്കു തരത്തക്കവണ്ണം തിരുവിതാംകൂറിലും കൊച്ചിയിലുമുള്ള നമ്മുടെ പ്രധാന പുസ്തകശാലക്കാരും കമ്പിനിക്കാരുമായിട്ടു ഇവിടെ നിന്നു ഏർപ്പാടു ചെയ്യുന്നതും അതിലേക്കു ഇവിടെനിന്നുതരുന്ന സാക്ഷ്യത്തോടുകൂടെ, കൂലിച്ചെലവു മുതലായവ അധികം വരാത്ത വിധത്തിൽ സൌകര്യംപോലെ ഓരോരുത്തർ അവിടവിടെനിന്നു രൊക്കം പണം കൊടുത്തു വാങ്ങിച്ചു കൊള്ളേണ്ടതുമാകുന്നു. സംഘംവകയായി നേരിട്ടു സാമാനങ്ങൾ തരത്തക്കവണ്ണം ഒരു കെ. സി. സി. ഏ സെൻട്രൽ ഡിപ്പോ സ്ഥാപിക്കാൻ സൌകര്യമുണ്ടാകുന്നതുവരെ ഈ വിധത്തിൽ നടത്തുന്നതിനേ സാധിക്കയുള്ളു.

* * *

ഡിപ്പോയിൽനിന്നു ആദായം കിട്ടുന്ന ഓരോരൂപായ്ക്കും രണ്ടണവീതം വില്പന നടത്തുന്ന ജനറൽ സിക്രട്ടറിക്കോ അല്ലെങ്കിൽ അതിലേക്കു നിയമിക്കപ്പെടുന്ന വില്പന നടത്തുന്ന ആളിനോ പ്രതിഫലമായി കൊടുക്കേണ്ടതാകുന്നു.

* * *

പ്രതിമാസമുള്ള കണക്കുകളോടുകൂടെ ആദായംവരുന്ന ഒരുരൂപായ്ക്കു അരയണവീതം പൊതുഫണ്ടിലേക്കു അയക്കേണ്ടതാണു്.

* * *

കെ. സി. സി. ഏ. ഡിപ്പോസംബന്ധിച്ചു ചുരുക്കമായി ഇങ്ങനെ ചില ക്രമങ്ങൾ ഞാൻ കുറിച്ചെന്നേയുള്ളു. അതാതു സ്ഥലത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ചു ഓരോ സംഘക്കാരും കൂടുതൽ വ്യവസ്ഥകൾ ചെയ്തു പ്രവൃത്തി തുടങ്ങേണ്ടതാണു്— ഏതായാലും ഉടനേതന്നെ ജനറൽ സെക്രട്ടറിമാരേ തിരിഞ്ഞെടുക്കയും അവർ ഡിപ്പോസംബന്ധമായ നടപടികൾ ഉർജ്ജിതമായി നടത്തിക്കാണുകയും ചെയ്വാൻ അഗ്രഹിക്കുന്നു.

* * *

വേദപാഠപ്പരീക്ഷയുടെ മാർക്കുകൾ ഇക്കൊല്ലം ധാരാളം വന്നിട്ടുണ്ടു്. അടുത്ത മാസത്തിൽ ഫലം പ്രസിദ്ധപ്പെടുത്തേണ്ടതാകയാൽ ഇനിയും അയച്ചിട്ടില്ലാത്തവർ അതിനുമുമ്പായി അയച്ചുതരണം.

* * *

ഈ മാസത്തിൽ ആകെ വരവു 18രൂ. 24ച. 4കാ. മാത്രമേയുള്ളു. അതിൽ

നിന്നുള്ള 7 രൂ. 2 കാശും ഉൾപ്പടെ പൊതുഫണ്ടു ഇപ്പോൾ ആകെ 98 രൂ. 14 ച. 10 കാശുള്ളതിൽനിന്നു വാർഷികസമ്മേളന ചെലവുവകക്കു 50 രൂപാ സ്വീകരണസംഘാദ്ധ്യക്ഷനെ ഏൽപ്പിച്ചതു കഴിഞ്ഞു ഇനി 48 രൂ. 14 ച. 10കാശേ ബാക്കിയുള്ളു. സമ്മേളനച്ചെലവു ആകെ 72 രൂപായോളം വന്നതിൽ ബാക്കി സ്വീകരണ സംഘാദ്ധ്യക്ഷൻതന്നെ വഹിക്കുകയാണു ചെയ്തതെന്നു കൃതജ്ഞതാപൂർവ്വം പ്രസ്താവിക്കേണ്ടതായിട്ടുണ്ട്.

* * *

മെക്സിക്കോയിക്കു വേണ്ടിയുള്ള "നന്മനിറഞ്ഞമറിയം" മറന്നുപോകരുത്. തിരുഹൃദയവണക്കമാസം കുഞ്ഞുമക്കൾക്കു തക്കവിധത്തിൽ കൊണ്ടാടുക.

സ്വന്തം കൊച്ചച്ചൻ.

## വർത്തമാന സംഗ്രഹം.

ഇക്കഴിഞ്ഞ സ്കൂൾഫൈനൽ പരീക്ഷയ്ക്കു കൊച്ചിയിൽ നൂറുക്കു 55-ം, തിരുവിതാംകൂറിൽ 26-ംവീതം കുട്ടികൾ വിജയികളായിട്ടുണ്ട്.

തൃശ്ശൂർ സെൻറു തോമസ് കോളജിൽനിന്നു ഇക്കൊല്ലം ബി. എ. പരിക്ഷയ്ക്കു ചേർന്നിരുന്ന 45 വിദ്യാർത്ഥികളിൽ 24 പേർ എല്ലാവിഷയങ്ങളിലും വിജയികളായിരിക്കുന്നു.

മുണ്ടക്കയത്തു സങ്കേതമാതാവിൻെറ നാമത്തിൽ മി. മർഫിഡസ് പണിയിച്ച മനോഹരദേവാലയത്തിൻെറ ആശീർവ്വാദകർമ്മം ജൂൺ ഒന്നാംതീയതി വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു നിർവഹിക്കുന്നതാണ്.

മെക്സിക്കോയിൽനിന്നു ഒരു മെത്രാപ്പോലീത്തായെയും ആറു മെത്രാന്മാരേയും കൂടെ നാടുകടത്തിയിരിക്കുന്നു.

അമേരിക്കയിൽ പെറുരാജ്യത്തു വിദ്യാലയങ്ങളിൽ പഠിനം ആരംഭിക്കുന്നതിനു മുമ്പ് ഒരു പ്രാർത്ഥനയും, രാജ്യക്കൊടിയ്ക്കു ഒരു അഭിവാദ്യവും ചെയ്യേണ്ടതാണെന്നു അവിടത്തെ വിദ്യാഭ്യാസഡയറക്ടർ ആജ്ഞാപിച്ചിരിക്കുന്നു.

മംഗലാപുരം കത്തോലിക്ക് അസ്സോസിയേഷൻെറ വാർഷിക സമ്മേളനം ഏപ്രിൽ 24-ാംനു- ഡോക്ടർ പോൾ പെരീനി തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. പ്രസ്തുത സമാജത്തിനു പന്തീരായിരത്തി നാനൂറുരൂപാ ഇപ്പോൾ മൂലധനമുണ്ടെന്നു കാണുന്നു.

സർവ്വകലാശാലകളിൽ വേദാദ്ധ്യയനം നിർബന്ധിതമാക്കേണ്ടതിനെക്കുറിച്ചു പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ടു വേദാദ്ധ്യയനകോൺഗ്രസ്സിൻെറ നിർവ്വാഹകസംഘത്തോടു ശക്തിയായി ഉപദേശിച്ചിരിക്കുന്നു.

മിലാനിലെ ആർച്ചുബിഷോപ്പായിരിക്കയിൽ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടുപയോഗിച്ചിരുന്ന സ്ഥാനമുടി ഈയിട അൽബാനിയായിലെ ഡലഗാദപ്പസ്തോലിക്കായായി വാഴിക്കപ്പെട്ട മോൺസിഞ്ഞോർ ഡെല്ലാപിയേനാ അവർകൾക്കു തിരുമേനി സമ്മാനിച്ചിരിക്കുന്നു.

മോൺസിഞ്ഞോർ ലെപ്പിസിയെ തിരുമേനിയെ ആഫ്രിക്കായിലേയ്ക്കു വിസിററർ അപ്പസ്തോലിക്കായായി പരിശുദ്ധപിതാവു നിയോഗിച്ചയച്ചിരിക്കുന്നു.

എറണാകുളം അതിരൂപതവക മൂക്കന്നൂർ തിരുഹൃദയ അനാഥശാലയിൽ വിശുദ്ധ കൊച്ചുത്രേസ്യായുടെ സ്തുതിക്കായി ഒരു പീഠം സ്ഥാപിച്ചു അവിടെ എല്ലാ ഇംഗ്ലീഷ് മാസവും 22-ാംതീയതി ആരംഭിച്ച് 30-ാം തിയതി അവസാനിക്കത്തക്കവണ്ണം മാദ്ധ്യസ്ഥ നൊവേനകൾ നടത്തുന്നതാണെന്നു് അറിയുന്നു.

## മനോഗുണവിവരങ്ങൾ.

ചുരുക്കമായി ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ദയാ മുമ്പോട്ടച്ചു അപേക്ഷിക്കണം.

അസാദ്ധ്യമെന്നു വൈദ്യന്മാർ വിധിച്ച എന്റെ അമ്മയുടേയും അളിയന്റെയും സുഖക്കേടുകൾ ചെറുപുഷ്പത്തിന്റെയും കർമ്മല മാതാവിന്റെയും, യൌസേപ്പുപിതാവിന്റെയും സഹായത്താൽ നീങ്ങിയതിനു ഉപകാരസ്മരണ. ടി. പാപ്പു ഉദയംപേരൂർ.

കയ്യാളശ്ശേരിൽ മാർ തോമ്മാമെത്രാനച്ചന്റെ സഹായത്താൽ പരീക്ഷയിൽ വിജയം സിദ്ധിച്ചതിന്. പി. വി. ഠാണക്കാരി.

വി. ഔസ്താത്തുപുണ്യവാളന്റെയും വി. കൊച്ചുത്രേസ്യായുടേയും മദ്ധ്യസ്ഥതയാൽ എന്റെ അനന്തിരവളുടെ സുഖക്കേട് നീങ്ങിയതിനു്. കെ. എം. വറുഗീസു വാഴക്കുളം.

വി. യൌസേപ്പുപിതാവിന്റെയും വി. കൊച്ചുത്രേസ്യായുടേയും മാദ്ധ്യസ്ഥാൽ പരീക്ഷയിൽ ജയം പ്രാപിച്ചതിന്. ആർ. ടി. മന്നാനം.

അസാദ്ധ്യമെന്നു വിചാരിച്ചിരുന്ന രണ്ടു കാര്യങ്ങൾ സാധിച്ചതിനു ഉപകാരസ്മരണ. ഉലഹന്നൻ ചേർത്തല.

ലൂർദ്ദുമാതാവിന്റെ സഹായത്താൽ ഇക്കൊല്ലം പരീക്ഷയിൽ വിജയിയായതിന്. എം. സി. ഏലി കോട്ടയം.

വി. കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയാൽ ആഗ്രഹിച്ച കാര്യം സാധിച്ചതിന് ഉപകാരസ്മരണ. കാഞ്ഞിരത്തുങ്കൽ ജോസഫ് അന്തിനാട്ട്.

വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ ഇൻഡസ്ട്രിയൽ പരീക്ഷയിൽ പാസ്സായതിനും അപ്പന്റെ അപകടകരമായ രോഗം നീങ്ങിയതിനും. എം. ഒ. എ. അരണാട്ടുകര.

പണത്തിനു ബുദ്ധിമുട്ടുള്ള ഒരു സ്ഥലത്തു ഞാൻ ഭരമേററ ചുമതലയേറിയ ജോലി വി. അന്തോനിസിന്റെയും കയ്യാളശേരിൽ മാർ തോമ്മാമെത്രാനച്ചന്റെയും സഹായത്താൽ ശുഭമായിട്ടവസാനിച്ചതിന്. എസ്. ... തിരുവനന്തപുരം.

പരീക്ഷയ്ക്ക് ... ർവി ഭവിക്കുമെന്ന് വിചാരിച്ചിരുന്ന എനിക്ക് വി. യൌസേപ്പുപിതാവിന്റെ പ്രത്യേകസഹായത്താൽ വിജയം സിദ്ധിച്ചതിന്. തോമസ് കെ. വടക്കേക്കര.

പരിശുദ്ധ കന്യകമറിയത്തിന്റെയും കാലംചെയ്ത കയ്യാളശേരിൽ മാർ തോമ്മാ മെത്രാനച്ചന്റെയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് എം. സി. പി. ഭരണങ്ങാനം.

അസാദ്ധ്യമെന്നു കരുതിയ ഒരു കാര്യം വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ സാധിച്ചതിനു ഉപകാരസ്മരണ. എസ്. എം. ബി. അതിരമ്പുഴ.

വി. കൊച്ചുത്രേസ്യായുടെയും മാർ അന്തോനിസിന്റെയും സഹായത്താൽ പരീക്ഷയിൽ പാസ്സായതിനും പീസ്സ് ഒഴിവായി കിട്ടിയതിനും. ടി. സി. സി. പെരുമന്തൂർ.

## ചരമവാർത്തകൾ.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

മുട്ടുചിറ ഇടവക കരിമുണ്ടയ്ക്കൽ ശ്രീമതി ഏലിസബത്തമ്മ ഏപ്രിൽ 18-ാംനു- 16 വയസ്സ്.

അരുവിത്തുറപ്പള്ളിയിടവക വെള്ളക്കുന്നേൽ ജോസഫ് അവർകൾ ഏപ്രി 29-ാംനു- 79 വയസ്സ്.

പൂഞ്ഞാർ മണിയംകുന്നുപള്ളിയിടവക പുളിക്കൽ മത്തായി വക്കീ അവർകൾ. ഏപ്രിൽ 30-ാംനു- 28 വയസ്സ്.

ബ. ജരാർദച്ചന്റെ പിതാവു അങ്കമാലി ഇടവക ചെന്നക്കാടൻ ചാക്കവക്കീ അവർകൾ മേ 1-ാംനു- 91 വയസ്സ്

അറക്കാട്ടുപള്ളിയിടവക കോലൻകുഴിയിൽ മാണി തൊമ്മൻ അവർകൾ മെയ് 4-ാംനു-

മുട്ടത്തുപള്ളിയിടവക കണ്ടത്തിൽ പറമ്പിൽ ക. നി. മൂ. സ. ബ. അന്തോനിയച്ചൻ അവർകളുടെ ജ്യേഷ്ഠൻ യോഹന്നാൻ അവർകളുടെ ഭാര്യ ശ്രീമതി മറിയാമ്മ മെയ് 4-ാംനു- 67 വയസ്സ്.

അന്തീനാട്ടുഇടവക കൊച്ചുകാഞ്ഞിരത്തുങ്കൽ ശ്രീമതി തൊമ്മൻ ഏലി മെയ് 6-ാംനു-.

വിളക്കുമാടം ഇടവക കരുവിനാന്നേൽ തൊമ്മൻ അവർകൾ മെയ് 23-ാംനു- 73 വയസ്സ്.

# പഞ്ചാംഗം.

എപ്പകത്തി ൨൬. [illegible] ഞായറാഴ്ച അക്ഷരം . ബ

## ൧൯൨൭ ജൂൺ — ൧൧൦൨ ഇടവം – മിഥുനം.

ഇന്നു തിരുഹൃദയവണക്കമാസം ആരംഭിക്കുന്നു.

| | | | | |
|---|---|---|---|---|
| 1 | 18 | ബു | പാ. വേദ. സൊമ്രോ ക്രൂട്ട. ഏപ്രി. 22 ന. ആ. കു. വെ. | ചു. |
| 2 | 19 | വ്യാ | വേദ. മർസ്ലീനോ ക്രൂട്ട ന. ആ. കു. വെ. | ചു. |
| 3 | 20 | വെ | വേദ. ഗീവറുഗീസ് ഏപ്രി. 23 ന. ആ. കു. വെ. | ചു. |
| 4 | 21 | ശ | പന്തക്കുസ്താ തലേനാൾ ന. ആ. കു. തലെ. | ചു |
| 5 | 22 | ഞാ | ✠ പന്തക്കുസ്താ ന. കു. വെ. [illegible] | ചു. |
| | | | ☞ അടുത്ത ബുധൻ ഇ. വി. പള്ളിയിൽ അറീക്കണം. | |
| | | | എടത്വായിലും ദൈവജനനിയുടെ ദൎശനത്തിരുനാൾ. | |
| 6 | 23 | തി | (✠) പന്ത. എം. ന. കു. എം. | ചു. |
| 7 | 2[illegible] | [illegible] | [illegible] പന്ത എം. ന. കു. എം. | ചു. |
| 8 | [illegible] | [illegible] | (✠) പന്ത. എം. ന. കു. എം ഇ. വി. പട്ടം. | ചു. |
| 9 | 26 | വ്യാ | പന്ത. എം. ന. കു. എം. | ചു. |
| 10 | 27 | വെ | പന്ത. എം. ന. കു. എം. പട്ടം. | ചു. |
| 11 | 28 | ശ | പന്ത. എം. ന. കു. എം. പട്ടം. | ചു. |
| | | | ☞ പെസഹാക്കാലം തീൎന്നു, ഹല്ലേലൂയ്യാ ഉപേക്ഷിക്കണം. | |
| 12 | 29 | ഞാ | ✠ പന്ത 1-ാം ഞാ. ത്രിത്വം ന. ആ. കു. വെ. [illegible] | വെ. |
| | | | ☞ അടുത്ത വ്യാഴം കടം പള്ളിയിൽ അറീക്കണം. | |
| 13 | 30 | തി | മൗ. അന്തോനി ന. ആ. കു. വെ. | വെ. |
| 14 | 31 | ചൊ | അ. മൗ. മ. ബസേലിസ് ന. ആ. കു. വെ. | വെ. |
| ◐ 15 | 1 | ബു | വേദ. വിത്തോസും ക്രൂട്ട. ന. ആ. കു. വെ. | ചു. |
| 16 | 2 | വ്യാ | ✠ ശ്ലീ. കുർബാന ന. കു. വെ. | വെ. |
| 17 | 3 | വെ | ശ്ലീ. കുർബാന എം. ന. കു. വെ. | വെ. |
| 18 | 4 | ശ | ശ്ലീ. കുർബാന എം. ന. കു. വെ. | വെ. |
| 19 | 5 | ഞാ | ✠ പന്തക്കുസ്താ 2-ാം ഞാ. ന. കു. അ. [illegible] | വെ. |
| | | | ☞ അടുത്ത വ്യാഴം ഇ. വി. പള്ളിയിൽ അറീക്കണം. | |
| 20 | 6 | തി | ശ്ലീ. കുർബാന എം. ന. കു. വെ. | വെ. |
| 21 | 7 | ചൊ | ശ്ലീ. കുർബാന എം. ന. കു. വെ. | വെ. |
| 22 | 8 | ബു | ശ്ലീ. കുർബാന എം. ന. കു. വെ. | വെ. |
| 23 | 9 | വ്യാ | ശ്ലീ. കുർബാന എട്ടാം ന. കു. വെ. ഇ. വി. | വെ. |
| 24 | 10 | വെ | (✠) സ്നാപകയോഹ. പിറവി ന. കു. വെ. | വെ. |
| | | | ന. ക. തിരുഹൃദയം ന. ആ. കു. വെ. ✻ [illegible] ✻ [illegible] | |
| | | | ചെത്തിപ്പുഴ, തേവര തിരുഹൃദയത്തിരുനാൾ | |
| 25 | 11 | ശ | ✻ അബ്ബ ഗ്ലലിയേൽമോസ് ന. ആ. കു. വെ. | വെ. |
| 26 | 12 | ഞാ | ✠ പന്തക്കുസ്താ 3-ാം ഞാ. ന. കു. ആ. [illegible] | പ. |
| | | | ☞ ചൊവ്വാ ഇ. വി. ബുധൻ കടം, അടുത്തതു ആദ്യവെള്ളി പള്ളിയിൽ അറീക്കണം. | |
| 27 | 13 | തി | ✻ സ്നാപക യോഹ. എം. ന. ആ. കു. വെ. | വെ. |
| 28 | 14 | ചൊ | ശ്ലീ. പത്രോ. പൗലോ. തലെ. ന. ആ. കു. തലെ. ഇ. വി. | റോ. |
| ● 29 | 15 | ബു | ✠ ശ്ലീ. പത്രോ. പൗലോ ന. കു. വെ. | ചു. |
| | | | എലഞ്ഞി ദൎശനതിരുനാൾ. | |
| 30 | 16 | വ്യാ | ശ്ലീ. പൗലോസ് ന. കു. വെ. | ചു. |

Printed and Published for the Proprietor by P. K. Joseph
at the St. Joseph's Press Mannanam, 1927.